

**പതിനാറാം കേരളനിയമസഭ**

**(SIXTEENTH KERALAM LEGISLATIVE ASSEMBLY)**

**സബ്ജക്ട് കമ്മിറ്റി IX**

**(SUBJECT COMMITTEE IX)**

**തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും**

**(LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)**

# ആനുകാലിക റിപ്പോർട്ട്

# (2026 മാർച്ച് 31 വരെയുള്ളത്)

# (PERIODICAL REPORT AS ON 31ST MARCH, 2026)

[കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1)പ്രകാരമുള്ളത് ]

[Under Rule 239(1) of the Rules of Procedure and Conduct of Business in the Keralam Legislative Assembly]

2026 ഒക്ടോബർ 26-ാം തീയതി സമർപ്പിച്ചത്
(Presented on 26th October 2026)

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

SECRETARIAT OF THE KERALAM LEGISLATURE
THIRUVANANTHAPURAM
2026

പതിനാറാം കേരളനിയമസഭ

(SIXTEENTH KERALAM LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി IX
# (SUBJECT COMMITTEE IX)

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും
## (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

## ആനുകാലിക റിപ്പോർട്ട്

## (2026 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT AS ON 31ST MARCH, 2026)

[കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1)പ്രകാരമുള്ളത് ]

[Under Rule 239(1) of the Rules of Procedure and Conduct of Business in the Keralam Legislative Assembly]

**ഉള്ളടക്കം**


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | |

സബ്ജക്ട് കമ്മിറ്റി IX

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

( 2026 – 2028 )

ഘടന

ചെയർപേഴ്സൺ :

ശ്രീ. കെ. എം. ഷാജി,
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. മോൻസ് ജോസഫ്,
ജലവിഭവ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി

അംഗങ്ങൾ:

ശ്രീ. എ. കെ. എം. അഷ്റഫ് , എം.എൽ.എ.

ശ്രീ. എം. ആർ. ബൈജു, എം.എൽ.എ.

ശ്രീ. ദീപക് ജോയ്, എം.എൽ.എ.

ശ്രീമതി ഗീതാ ഗോപി, എം.എൽ.എ.

ശ്രീ. ടി. ഒ. മോഹനൻ, എം.എൽ.എ.

ശ്രീ. ടി. എം. ശശി, എം.എൽ.എ.

ശ്രീ. കെ. വി. സുമേഷ്, എം.എൽ.എ.

ശ്രീ. ടോണി ചമ്മണി, എം.എൽ.എ.

ശ്രീ. ടി. ജെ. വിനോദ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി- ഇൻ-ചാർജ്ജ്

ശ്രീമതി ഷബാന അഞ്ജും, അഡീഷണൽ സെക്രട്ടറി

ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി മീര ജി. എസ്., അണ്ടർ സെക്രട്ടറി

## അവതാരിക

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാംചട്ടത്തിന്റെ (1)-ാം ഉപചട്ട പ്രകാരം ഞാൻ സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ 2023 ഡിസംബർ 07-ലെ ബുള്ളറ്റിൻ - ഭാഗം 2 നമ്പർ 445 പ്രകാരം രൂപീകരിക്കപ്പെട്ട 2023-26 കാലയളവിലെ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX, 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 29.09.2025, 06.02.2026, 10.02.2026, 20.02.2026 എന്നീ തീയതികളിലായി 4 യോഗങ്ങൾ ചേർന്നു.

29.09.2025-ലെ യോഗത്തിൽ 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ എന്നിവ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. 2025-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മറ്റി) ഭേദഗതി ചട്ടങ്ങൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. 2023-24, 2024-25 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, 2021-22, 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സംബന്ധിച്ച കാലതാമസപത്രികകൾ എന്നിവ പരിഗണിക്കുകയും അംഗീകരിക്കുകയും സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ, വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാക്കാനുള്ള കുടിശ്ശിക കരട്ചട്ടങ്ങളുമായി ബന്ധപ്പെട്ട് വകുപ്പുദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും പ്രസ്തുത ഫയലുകളിൽ അടിയന്തരമായി നടപടി സ്വീകരിക്കുന്നതിന് വകുപ്പുദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 01.04.2024 മുതൽ

31.03.2025 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

06.02.2026-ലെ യോഗത്തിൽ 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ XXXVI-ഗ്രാമവികസനം, XXXV-പഞ്ചായത്ത്, ധനാഭ്യർത്ഥന നമ്പർ XXII-നഗരവികസനം, XXVIII – പലവക സാമ്പത്തിക സർവ്വീസുകൾ എന്നീ ധനാഭ്യർത്ഥനകളുടെ വിവിധ കണക്കിനങ്ങൾ സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തി. 10.02.2026-ലെ യോഗത്തിൽ 2026-27 സാമ്പത്തികവർഷത്തെ XXI-ഭവനനിർമ്മാണം, XXV-പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്നീ ധനാഭ്യർത്ഥനകളുടെ വിവിധ കണക്കിനങ്ങൾ സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തി. 20.02.2026-ലെ യോഗത്തിൽ സമിതി 2026-27 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. സമിതിയുടെ സാധൂകരണത്തിന് ലഭ്യമാക്കിയ എസ്.ആർ.ഒ.കൾ, 2024-25 സാമ്പത്തിക വർഷത്തെ സൈനികക്ഷേമ വകുപ്പിൽ നിന്നും ലഭിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് സംബന്ധിച്ച കാലതാമസപത്രിക എന്നിവ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർ നില 51% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

അദ്ധ്യായം I - സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

അദ്ധ്യായം II - സമിതി പരിഗണിച്ച ബില്ലുകൾ

അദ്ധ്യായം III സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ.കൾ

അദ്ധ്യായം IV - നിയമസഭാ ചട്ടം 235 (എ) പ്രകാരം ചേർന്ന യോഗങ്ങളുടെ വിശദാംശം

അദ്ധ്യായം V - നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

അദ്ധ്യായം VI - (a) 2025-26-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന

സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

(b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും പുതിയ സാമ്പത്തിക വർഷം ആദ്യം എന്ന കണക്കിൽ

അദ്ധ്യായം VII – സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 26.10.2026 - ന് ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

കെ. എം. ഷാജി,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി IX.

തിരുവനന്തപുരം,
2026

# റിപ്പോർട്ട്

## അദ്ധ്യായം–I

### സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട് 29.09.2025-ലെ യോഗം പരിഗണിച്ച് അംഗീകരിക്കുകയും 2025 സെപ്റ്റംബർ 30-ാംതീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 29.09.2025-ലെ യോഗം പരിഗണിച്ച് അംഗീകരിക്കുകയും 2025 സെപ്റ്റംബർ 30-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. 2026-27 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ട് 20.02.2026-ലെ യോഗത്തിൽ പരിഗണിച്ച് അംഗീകരിക്കുകയും 2026 ഫെബ്രുവരി 23-ാംതീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം–II

### സമിതി പരിഗണിച്ച ബില്ലുകൾ

1. 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന്മേലുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 29.09.2025-ലെ യോഗം പരിഗണിച്ച് അംഗീകരിക്കുകയും 2025 സെപ്റ്റംബർ 30-ാംതീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിന്മേലുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 29.09.2025-ലെ യോഗം പരിഗണിച്ച് അംഗീകരിക്കുകയും 2025 സെപ്റ്റംബർ 30-ാംതീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം–III

## സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ.–കൾ

**(എ) കരട് ചട്ടങ്ങൾ**

**1. 2025–ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ഭേദഗതി ചട്ടങ്ങൾ**

(ഫയൽ നം.KLS/5975/2025-subc.D1)

പ്രസ്തുത കരട് ചട്ടം 29.09.2025-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

**(ബി) എസ്.ആർ.ഒ.കൾ**

29.09.2025-ലെ സമിതിയോഗം താഴെപ്പറയുന്ന ചട്ടങ്ങൾക്കാധാരമയ ആക്ട് മലയാളത്തിലായിരുന്നിട്ടും ചട്ടങ്ങൾ ഇംഗ്ലീഷിൽ പുറപ്പെടുവിച്ചത് ക്രമപ്രകാരമല്ലെന്ന് നിരീക്ഷിക്കുകയും പ്രസ്തുത ചട്ടങ്ങൾ മലയാളത്തിൽ തയ്യാറാക്കി ലഭ്യമാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

1. 2025-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ

(എസ്.ആർ.ഒ.നം.297/2025)

(ഫയൽ നം. KLS/5907/2025-Subc.D1)

2. 2021-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ

(എസ്.ആർ.ഒ.നം.483/2021)

(ഫയൽ നം.2131/സബ്.സി.ഡി1/2022/ലെജി)

3. 2021-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് (ഭേദഗതി) ചട്ടം

(എസ്.ആർ.ഒ.നം.482/2021)

(ഫയൽ നം. 2132/സബ്.സി.ഡി1/2022/ലെജി)

സമിതിയുടെ 20.02.2026-ലെ യോഗം, താഴെപ്പറയുന്ന എസ്.ആർ.ഒ.കൾ

പരിഗണിക്കുകയും സമിതിയുടെ മുൻകൂട്ടിയുള്ള പരിശോധന കൂടാതെ അവ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ നൽകിയ വിശദീകരണം അംഗീകരിക്കുകയും പ്രസ്തുത ചട്ടങ്ങൾക്ക് സാധൂകരണം നൽകുകയും ചെയ്തു.

1. 2024-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ
(എസ്.ആർ.ഒ.നം.743/2024)
(ഫയൽ നമ്പർ KLS/373/2026-Subc.D1)
(20383/സബ്സി.ഡി1/2024/ലെജി.)

2. 2025-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ഭേദഗതി ചട്ടങ്ങൾ
(എസ്.ആർ.ഒ.നം.907/2025)
(ഫയൽ നമ്പർ KLS/7973/2025-Subc.D1)

3. 2025-ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ
(എസ്.ആർ.ഒ.നം.910/2025)
(ഫയൽ നമ്പർ KLS/8375/2025-Subc.D1)

4. 2025-ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ഭേദഗതി ചട്ടങ്ങൾ
(എസ്.ആർ.ഒ.നം.1098/2025)
(ഫയൽ നമ്പർ KLS/8383/2025-Subc.D1)

5. 2025-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ഭേദഗതി ചട്ടങ്ങൾ
(എസ്.ആർ.ഒ.നം.1153/2025)
(ഫയൽ നമ്പർ KLS/8941/2025-Subc.D1)

6. 2025-ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ

(എസ്.ആർ.ഒ.നം.739/2025)

(ഫയൽ നമ്പർ KLS/9093/2025-Subc.D1)

7. 2025-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ

(എസ്.ആർ.ഒ.നം.1344/2025)

(ഫയൽ നമ്പർ KLS/783/2026-Subc.D1)

8. 2025-ലെ കേരള മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ

(എസ്.ആർ.ഒ.നം.1345/2025)

(ഫയൽ നമ്പർ KLS/818/2026-Subc.D1)

## അദ്ധ്യായം-IV

**നിയമസഭാ ചട്ടം 235(എ) പ്രകാരം ചേർന്ന സമിതി യോഗങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ.**

റിപ്പോർട്ട് കാലയളവിൽ 235(എ) പ്രകാരം യോഗം ചേർന്നിട്ടില്ല.

## അദ്ധ്യായം-V

നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ.

| ക്രമ നം. | ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1. | XXI-ഭവനനിർമ്മാണം | 2023-24 (കാലതാമസ പത്രിക സഹിതം) | ആഭ്യന്തര (ഇ) വകുപ്പ് (കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ) | 06.10.2025 |
| 2. | XXI-ഭവനനിർമ്മാണം | 2024-25 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് | 06.10.2025 |

| | | | | |
|---|---|---|---|---|
| 3. | XXI-ഭവനനിർമ്മാണം | 2024-25 | ഭവനനിർമ്മാണ വകുപ്പ് | 06.10.2025 |
| 4. | XXI-ഭവനനിർമ്മാണം | 2024-25 | സൈനിക ക്ഷേമ വകുപ്പ് | 03.02.2026 |
| 5. | XXII-നഗരവികസനം | 2022-23 (കാലതാമസ പത്രിക സഹിതം) | തദ്ദേശസ്വയംഭരണ വകുപ്പ് | 06.10.2025 |
| 6. | XXV-പട്ടികജാതി /പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2023-24 (കാലതാമസ പത്രിക സഹിതം) | പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ് | 06.10.2025 |
| 7. | XXV-പട്ടികജാതി /പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2024-25 | പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ് | 06.10.2025 |
| 8. | XXV-പട്ടികജാതി /പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2024-25 | പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ് - ന്യൂനപക്ഷ ക്ഷേമ കമ്മീഷൻ | 06.10.2025 |
| 9. | XXVIII-പലവക സാമ്പത്തിക സർവ്വീസുകൾ | 2022-23 (കാലതാമസ പത്രിക സഹിതം) | തദ്ദേശസ്വയംഭരണ വകുപ്പ് | 06.10.2025 |
| 10. | XXVIII-പലവക സാമ്പത്തിക സർവ്വീസുകൾ | 2023-24 (കാലതാമസ പത്രിക സഹിതം) | സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് | 06.10.2025 |

| | | | | |
|---|---|---|---|---|
| 11. | XXVIII-പലവക സാമ്പത്തിക സർവ്വീസുകൾ | 2024-25 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് | 06.10.2025 |
| 12. | XXXV-ഭവനനിർമ്മാണം | 2022-23 (കാലതാമസ പത്രിക സഹിതം) | തദ്ദേശസ്വയംഭരണ വകുപ്പ് | 06.10.2025 |
| 13. | XXXVI- ഗ്രാമവികസനം | 2022-23 (കാലതാമസ പത്രിക സഹിതം) | തദ്ദേശസ്വയംഭരണ വകുപ്പ് | 06.10.2025 |

## അദ്ധ്യായം-VI

**(എ) 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം**

| **ആകെ ശിപാർശകളുടെ എണ്ണം** | **മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പറും വകുപ്പുകളും** | **മറുപടി ലഭിക്കാനുള്ള ശിപാർശകളുടെ ഖണ്ഡികകളും ബന്ധപ്പെട്ട വകുപ്പുകളും** |
|---|---|---|
| 51 | ഭവനനിർമ്മാണ വകുപ്പ്<br>(ഖണ്ഡിക നമ്പർ 3, 6-9, 12-15) | ഭവനനിർമ്മാണ വകുപ്പ്<br>(ഖണ്ഡിക നമ്പർ 1, 2, 10)<br>(ഖണ്ഡിക നമ്പർ 4,5,11 -പുതുക്കിയ മറുപടി ലഭ്യമാക്കേണ്ടവ)<br>തദ്ദേശസ്വയംഭരണ വകുപ്പ്<br>(ഖണ്ഡിക നമ്പർ 16-20, 25-51)<br>പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ്<br>(ഖണ്ഡിക നമ്പർ 21-24) |

**(ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻവർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.**

മുൻ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ (സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടാത്ത) താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2023-24-ലെ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ

പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

**തദ്ദേശസ്വയംഭരണ വകുപ്പ്**

**ധനാഭ്യർത്ഥന XXII – നഗരവികസനം**

**ശിപാർശ**

**2217-05-001-69- നഗരാസൂത്രണ വകുപ്പിന്റെ നവീകരണവും കമ്പ്യൂട്ടർവൽക്കരണവും**

**വിഹിതം: 85 ലക്ഷം രൂപ (പദ്ധതി)**

മുഖ്യ നഗരാസൂത്രകന്റെ ഓഫീസിലെയും 14 ജില്ലാ ഓഫീസുകളിലെയും പഴയ കമ്പ്യൂട്ടറുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനാവശ്യമായ കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും സോഫ്റ്റ്വെയറും വാങ്ങുന്ന ചെലവിലേയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 1.96 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

**സർക്കാർ സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം.എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2217-05-001-64 – വിശദമായ മാസ്റ്റർ പ്ലാനും ടൗൺ പ്ലാനും തയ്യാറാക്കുന്നതിനുള്ള പദ്ധതി**

**വിഹിതം: 1.48 കോടി രൂപ (പദ്ധതി)**

സംസ്ഥാനത്തെ 5 നഗരങ്ങളിൽ ലോക്കൽ ഏരിയ പ്ലാൻ തയ്യാറാക്കുന്നതിന് 125 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഈ തുകയുടെ ഏകദേശം 20% ആയ 25 ലക്ഷം രൂപ 2023-24 സാമ്പത്തിക വർഷം ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

**സർക്കാർ സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2217-05-192-48 – കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്**

**(42) അമൃത് 2.0-ന് കീഴിൽ പട്ടണങ്ങളിൽ ജി.ഐ.എസ്. അടിസ്ഥാനമാക്കിയുള്ള മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തുന്നതിനുള്ള പിന്തുണാപദ്ധതി**

**വിഹിതം: 15 ലക്ഷം രൂപ (പദ്ധതി)**

അമൃത് 2.0 പദ്ധതിയുടെ കീഴിൽ നഗരങ്ങൾക്കായി GIS അടിസ്ഥാനമാക്കിയുള്ള മാസ്റ്റർ പ്ലാൻ രൂപീകരണത്തിനുള്ള സഹായ പദ്ധതിയ്ക്കായി 35 ലക്ഷം രൂപ വകയിരുത്താൻ ആവശ്യപ്പെട്ടെങ്കിലും 15 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയത്. ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 15 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

**സർക്കാർ സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം.എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2217-05-800-67 – സംസ്ഥാനത്ത് സ്ഥലസംബന്ധമായ ആസൂത്രിത രൂപരേഖ തയ്യാറാക്കൽ**

**വിഹിതം: 26 ലക്ഷം രൂപ (പദ്ധതി)**

സംസ്ഥാനത്തിനായുള്ള സ്പേഷ്യൽ പ്ലാൻ തയ്യാറാക്കുന്നതിനാവശ്യമായ

പഠനങ്ങൾ നടത്തുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 8 ലക്ഷം രൂപ ധനപൂന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

**സർക്കാർ സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം.എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2217-80-001-99 – ഡയറക്ടറേറ്റ് ഓഫ് അർബൻ അഫേഴ്സ്**

**വിഹിതം: 5.7858 കോടി രൂപ (പദ്ധതിയേതരം)**

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലേയും മേഖലാ കാര്യാലയങ്ങളിലെയും വൈദ്യുത ചാർജ്ജ് ഒടുക്കുന്നതിനും നഗരകാര്യ ഡയറക്ടറേറ്റിലെ ഇന്ധന ചെലവിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക, അപര്യാപ്തമാണ്. ആയതിനാൽ 05.2-വൈദ്യുതി ചെലവ് എന്ന കണക്കിനത്തിൽ 1.33 ലക്ഷം രൂപയും 45 POL എന്ന കണക്കിനത്തിൽ 51,000/- രൂപ ധനപൂന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

**സർക്കാർ സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതത്തിനു പുറമേ 2,57,000/- രൂപാ അധിക വിഹിതമായി അനുവദിച്ചു.

(സർക്കാർ കത്ത് നം.എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2217-80-001-95 – കമ്പ്യൂട്ടർവൽക്കരണ പദ്ധതികൾ**

**വിഹിതം: 10 ലക്ഷം രൂപ (പദ്ധതി)**

നഗരകാര്യ വകുപ്പിലെ ഓഫീസ് സാമഗ്രികൾ വാങ്ങുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 69.30 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

**സർക്കാർ സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം.എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2217-80-001-92 –നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കലും പരിശീലനവും**

**വിഹിതം : 17 ലക്ഷം രൂപ (പദ്ധതി)**

നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ട്രെയിനിംഗ് പ്രോഗ്രാമിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 13 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

**സർക്കാർ സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ,തീയതി 20.03.2025)

കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**2217-80-001-91 – മുനിസിപ്പൽ കോമൺ സർവ്വീസ് സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്കുള്ള സംഭാവന**

**വിഹിതം : 1,000/- രൂപ (പദ്ധതിയേതരം)**

നഗരസഭകളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് പെൻഷൻ ഫണ്ടിൽ നീക്കിയിരിപ്പ് തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 802 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

**സർക്കാർ സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ,തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**2217-80-800-82 –ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മിഷൻ**

**വിഹിതം : 6 ലക്ഷം രൂപ (പദ്ധതി)**

സ്റ്റേഷനറി സാമഗ്രികൾ, കമ്പ്യൂട്ടർ-അനുബന്ധ ഘടകങ്ങൾ എന്നിവ

വാങ്ങുന്നതിനുള്ള ചെലവ്, കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള കമ്പ്യൂട്ടർ അസിസ്റ്റന്റുമാർക്കുള്ള ശമ്പളം, കേരളത്തിന്റെ പൈതൃകവുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ പുതുക്കലും പ്രസിദ്ധീകരിക്കുകയും ചെയ്യുക, പൈതൃകവുമായി ബന്ധപ്പെട്ട സാഹിത്യ കൃതികളും രേഖകളും ആനുകാലിക പ്രസിദ്ധീകരണങ്ങളും വാങ്ങുക, പൊതു അവബോധത്തിനുള്ള മാർഗ്ഗനിർദേശങ്ങൾ രൂപപ്പെടുത്തുക എന്നീ ആവശ്യങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 4 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

**സർക്കാർ സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**2217-80-800-76 -അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി**

**വിഹിതം : 150 കോടി രൂപ (പദ്ധതി)**

അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി മുഖേന 65 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 30 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

**സർക്കാർ സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**2217-80-800-71 -ശുചിത്വകേരളം - നഗരങ്ങളിലെ ഖരമാലിന്യ സംസ്കരണം - സംവിധാനം**

**വിഹിതം : 22 കോടി രൂപ (പദ്ധതി)**

ദ്രവമാലിന്യ പരിപാലനത്തിന് ഓരോ ജില്ലയിലും STP/ETP സ്ഥാപിക്കുന്ന ആവശ്യത്തിലേയ്ക്കായി മേൽ ശീർഷകത്തിൽ 16 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

**സർക്കാർ സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**2217-80-800-62 -ലൈഫ് പാർപ്പിട മിഷൻ സ്കീം നടപ്പിലാക്കുവാൻ ഹഡ്കോ ലഭ്യമാക്കിയ ലോണിന് KURDFC നൽകേണ്ട പലിശയ്ക്കുള്ള സഹായധനം**

**വിഹിതം : 68.09 കോടി രൂപ (പദ്ധതി)**

ലൈഫ് പി.എം.എ.വൈ (അർബൻ) ഗുണഭോക്താക്കൾക്ക് ഭവനം നിർമ്മിക്കുന്നതിനായി ഹഡ്കോ അനുവദിച്ച തുകയ്ക്കുള്ള പലിശ ഒടുക്കുന്നതിന്

ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 3.8693 കോടി രൂപ ധനപൂന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

**സർക്കാർ സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**4217-60-051-94 -വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്ത് പണികളുടെ വിശദ വിവരങ്ങൾ)-ൽ ഉൾപ്പെട്ട പ്രവൃത്തികൾ**

**വിഹിതം : 1,000 രൂപ (പദ്ധതിയേതരം)**

നിയമസഭാ സാമാജികർ തങ്ങളുടെ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിലെ തുക വകയിരുത്തി നടത്തുന്ന നിർമ്മാണ പ്രവർത്തികൾക്കുള്ള ശിപാർശ പരിഗണിച്ച് ബഡ്ജറ്റ് എസ്റ്റിമേറ്റിൽ അനുബന്ധം II-ൽ ഉൾപ്പെടുത്തിയിട്ടുള്ള നിർമ്മാണ പ്രവൃത്തികൾക്ക് 1000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ, ഇതിലേക്കായി ഈ ശീർഷകത്തിൽ 25 കോടി രൂപ ധനപൂന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

**സർക്കാർ സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതത്തിന് പുറമേ 6,57,37,000/-രൂപ അധിക വിഹിതമായി അനുവദിച്ചു.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ,തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.)

**ധനാഭ്യർത്ഥന XXVIII**

**പലവക സാമ്പത്തിക സർവ്വീസുകൾ**

**ശിപാർശ**

**3454-02-111-95 –ജനന മരണ സ്ഥിതി വിവരക്കണക്കുകൾ രജിസ്റ്റാറാക്കൽ**

**വിഹിതം : 1.5525 കോടി രൂപ (പദ്ധതിയേതരം)**

പഞ്ചായത്ത് ഡയറക്ടറേറ്റിന്റെ കീഴിൽ ജനന മരണ വിവാഹ രജിസ്ട്രേഷൻ ജോലികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഓഫീസുകളിലെ ജീവനക്കാർക്ക് ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ ശമ്പളയിനത്തിൽ 1.1380 കോടി രൂപ, ക്ഷാമബത്തയിനത്തിൽ 24.80 ലക്ഷം രൂപ, വീട്ടുവാടകയിനത്തിൽ 9.32 ലക്ഷം രൂപ എന്നിങ്ങനെ തുക അധികമായി മേൽ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

**സർക്കാർ സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**3454-02-111-94 –ജനന മരണ വിവാഹ രജിസ്ട്രേഷൻ**

**വിഹിതം : 28.25 ലക്ഷം രൂപ (പദ്ധതിയേതരം)**

ജനന മരണ വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്ന പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ 4 ജീവനക്കാർക്ക് ശമ്പളവും

ക്ഷാമബത്തയും നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ഈ കണക്കിനങ്ങളിൽ യഥാക്രമം 2.55 ലക്ഷം രൂപയും 63,000/-രൂപയും ചേർത്ത് ആകെ 3.18 ലക്ഷം രൂപ മേൽ ശീർഷകത്തിൽ ധനപൂന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

**സർക്കാർ സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.)

**ധനാഭ്യർത്ഥന XXXV-പഞ്ചായത്ത്**

**ശിപാർശ**

**2515-00-001-99 -മേൽനോട്ടം**

**വിഹിതം : 8.8405 കോടി രൂപ (പദ്ധതിയേതരം)**

പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് പുതുക്കിയ നിരക്കിലുള്ള ശമ്പളവും അലവൻസുകളും കൂടാതെ ശമ്പള കുടിശ്ശികയും നൽകുന്നതിനും ഓഫീസിലെ വൈദ്യുത ചെലവ്, വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും, ഇന്ധന ചെലവിനും ബന്ധപ്പെട്ട കണക്കിനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ, പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിലും താഴെപ്പറയും പ്രകാരം തുക ധനപൂന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | **അധികമായി ആവശ്യപ്പെടുന്ന തുക** |
|---|---|
| 01-1- ശമ്പളം | 1.1288 കോടി രൂപ |
| 01-2- ക്ഷാമബത്ത | 56.84 ലക്ഷം രൂപ |
| 01-3- വീട്ടുവാടക അലവൻസ് | 13.48 ലക്ഷം രൂപ |
| 05-2- വൈദ്യുതി ചെലവ് | 8.41 ലക്ഷം രൂപ |
| 21-2-മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും | 4.46 ലക്ഷം രൂപ |
| 45- പി.ഒ.എൽ. | 12.32 ലക്ഷം രൂപ |

(ഖണ്ഡിക 41)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

| | |
|---|---|
| 01-1- ശമ്പളം | ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്. |
| 01-2- ക്ഷാമബത്ത | ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്. |
| 01-3- വീട്ടുവാടക അലവൻസ് | ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്. |
| 05-2- വൈദ്യുതി ചെലവ് | ബജറ്റ് വിഹിതത്തിന് പുറമേ 17,80,000/-രൂപ അധിക വിഹിതമായി അനുവദിച്ചു. |
| 21-2-മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും | ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്. |
| 45- പി.ഒ.എൽ. | ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്. |

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**05-4 -മറ്റിനങ്ങൾ**

**വിഹിതം : ഇല്ല**

പഞ്ചായത്ത് ഡയറക്ടറുടെ ആഫീസ് സ്വരാജ് ഭവനിലേയ്ക്ക് മാറ്റുന്നതിനോടനുബന്ധിച്ചുള്ള വിവിധ ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 20.15 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

**സർക്കാർ സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**2515-00-001-97 -ജില്ലാഭരണം**

**വിഹിതം : 68.0067 കോടി രൂപ (പദ്ധതിയേതരം)**

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലെ പ്രവർത്തനങ്ങൾക്ക് വിവിധ ശീർഷകങ്ങളിലായി അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിക്കുന്ന തുക ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | **അധികമായി ആവശ്യപ്പെടുന്ന തുക** |
|---|---|
| 01-1- ശമ്പളം | 4.3974 കോടി രൂപ |
| 01-2- ക്ഷാമബത്ത | 4.5860 കോടി രൂപ |
| 02-1- വേതനം- ശമ്പളം | 1.97 ലക്ഷം രൂപ |
| 05-2- വൈദ്യുതി ചാർജ് | 7.20 ലക്ഷം രൂപ |
| 05-4- മറ്റിനങ്ങൾ | 5.50 ലക്ഷം രൂപ |
| 06- വാടക, കരം, നികുതി | 1.51 ലക്ഷം രൂപ |
| 45- പി.ഒ.എൽ. | 6.15 ലക്ഷം രൂപ |

(ഖണ്ഡിക 43)

**സർക്കാർ സ്വീകരിച്ച നടപടി**

| | |
|---|---|
| 01-1- ശമ്പളം | ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്. |
| 01-2- ക്ഷാമബത്ത | ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്. |
| 02-1- വേതനം- ശമ്പളം | ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്. |
| 05-2- വൈദ്യുതി ചാർജ് | ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്. |
| 05-4- മറ്റിനങ്ങൾ | ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്. |
| 06- വാടക, കരം, നികുതി | ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്. |
| 45- പി.ഒ.എൽ. | ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്. |

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**2515-00-001-96 –പഞ്ചായത്ത് ജീവനക്കാർക്ക് പ്രോവിഡന്റ് ഫണ്ട് പദ്ധതി**

**വിഹിതം : 94.80 ലക്ഷം രൂപ (പദ്ധതിയേതരം)**

ഈ ശീർഷകത്തിൻ കീഴിലെ 01-2-ക്ഷാമബത്ത, 05-4-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ എന്നിവയിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അവയിൽ യഥാക്രമം 2.24 ലക്ഷം രൂപ, 13,000 രൂപ എന്നിങ്ങനെ ഓരോന്നിലും തുക ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

**സർക്കാർ സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ,തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**2515-00-001-95- പഞ്ചായത്ത് ജീവനക്കാർക്ക് കോമൺ സർവ്വീസ് നടപ്പാക്കുന്നതിന്**

**01-2- ക്ഷാമബത്ത**

**വിഹിതം: 6.25 ലക്ഷം രൂപ (പദ്ധതിയേതരം)**

പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് പുതുക്കിയ നിരക്കിലുള്ള ക്ഷാമബത്ത നൽകുന്നതിന് ബഡ്ജറ്റിൽ വരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.15 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം.45)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം.എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസപത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2515-00-001-91- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് വിഭാഗം - മേൽ നോട്ടം**

**വിഹിതം: 13.8250 കോടി രൂപ (പദ്ധതിയേതരം)**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് (മേൽനോട്ടം) വിഭാഗത്തിലെ ഓഫീസുകളിലെ അവധി യാത്രാനുകൂല്യം, ഇലക്ട്രിസിറ്റി ചാർജ്ജ്, ട്രെയിനിംഗ് പ്രോഗ്രാം, മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1.9699 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം.46)

**സ്വീകരിച്ച നടപടി**

മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റിന് പുറമേ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ഇനത്തിൽ 6,000/- രൂപ അധിക വിഹിതമായി അനുവദിച്ചു.

(സർക്കാർ കത്ത് നം.എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസപത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2515-00-001-86 – തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിന് കീഴിലുള്ള ഓഫീസുകളുടെ ആധുനികവൽക്കരണം, കമ്പ്യൂട്ടർ വൽക്കരണം, ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ**

**വിഹിതം: 3.25 കോടി രൂപ (പദ്ധതി)**

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ, ഗ്രണ നിലവാര പരിശോധന, സൗകര്യം വർദ്ധിപ്പിക്കൽ, റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിക്കൽ, എഞ്ചിനീയർ മാർക്ക് ടാബ്ലെറ്റ്, ലാപ്ടോപ്പ് വാങ്ങൽ, ക്വാളിറ്റി കൺട്രോൾ ടെസ്റ്റിംഗ് പ്രവർത്തികൾക്കും മറ്റുമായി അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 4.0532 കോടി രൂപ കൂടി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം.47)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം.എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസപത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2515-00-101-98- പഞ്ചായത്ത് രാജ് ജേർണലിന്റെ പ്രസിദ്ധീകരണം**

**വിഹിതം: 20.91 ലക്ഷം രൂപ (പദ്ധതിയേതരം)**

ഈ ശീർഷകത്തിൻ കീഴിൽ വിവിധ കണക്കിനങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ല. ആയതിനാൽ, താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | **അധികമായി ആവശ്യപ്പെടുന്ന തുക** |
|---|---|
| 01-1- ശമ്പളം | 1.45 ലക്ഷം രൂപ |
| 01-2-ക്ഷാമബത്ത | 1.13 ലക്ഷം രൂപ |
| 01-3-വീട്ടു വാടക അലവൻസ് | 50,000/- രൂപ |
| 07- പ്രസിദ്ധീകരണങ്ങൾ | 2.14 ലക്ഷം രൂപ |
| 34-3- മറ്റു ചെലവുകൾ -മറ്റിനം | 15,000/- രൂപ |

(ഖണ്ഡിക നം.48)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം.എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസപത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2515-00-101-68 – ശുചിത്വ കേരളം**

**വിഹിതം: 25 കോടി രൂപ (പദ്ധതി)**

എഫ്.എസ്.ടി.പി.കൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം വാങ്ങുന്നതിനുള്ള തുക കണ്ടെത്താൻ സംസ്ഥാന ആവിഷ്കൃത പദ്ധതിയായ ശുചിത്വ കേരളം റൂറൽ സ്കീമിൽ 50 കോടി രൂപയും ഇതിനുപുറമേ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സ്ഥാപനതല എസ്.ടി.പി./ഇ.ടി.പി. സ്ഥാപിക്കാൻ വ്യവസ്ഥയില്ലാത്ത സാഹചര്യത്തിൽ 42 സ്ഥാപനതല എസ്.ടി.പി./ഇ.ടി.പി. കൾ (ഒരു ജില്ലയിൽ 3 എണ്ണം എന്ന കണക്കിൽ) സ്ഥാപിക്കുന്നതിനാവശ്യമായ 48 കോടി രൂപയും ചേർത്ത് ആകെ 98 കോടി രൂപയാണ് ആവശ്യമായിട്ടുള്ളത്. ആയതിനാൽ മേൽ

ശീർഷകത്തിൽ 98 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം.49)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം.എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസപത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2515-00-101-63 –തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണൽ**

**വിഹിതം: 1.0671 കോടി രൂപ (പദ്ധതിയേതരം)**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രിബ്യൂണലിൽ ശമ്പളം, ഓഫീസ് ചെലവ്, ദൈനംദിന ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.60 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം.50)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതത്തിനു പുറമേ 13,30,000/- രൂപ അധിക വിഹിതമായി അനുവദിച്ചു.

(സർക്കാർ കത്ത് നം.എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസപത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2515-00-101-56- രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ - പൊതുവിഭാഗം 60% സി.എസ്.എസ്.)**

**(01) - കേന്ദ്ര വിഹിതം**

**വിഹിതം: 12 കോടി രൂപ (പദ്ധതി)**

**(02) - സംസ്ഥാന വിഹിതം**

**വിഹിതം: 8 കോടി രൂപ (പദ്ധതി)**

രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ പദ്ധതിയ്ക്ക് കേന്ദ്രവിഹിതമായി 7.39 കോടി രൂപയും സംസ്ഥാന വിഹിതമായി 4.9267 കോടി രൂപയും ഉൾപ്പെടെ ആകെ 12.3167 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം.51)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം.എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസപത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2515-00-800-94 - റെയിൽവേ ലെവൽ ക്രോസിങ്ങുകളുടെ സംരക്ഷണം - സഹായധനം**

**വിഹിതം: 1000 രൂപ (പദ്ധതിയേതരം)**

വക്കം, കുറുക്കുറ്റി, മുതുമല, കുറ്റിപ്പുറം, തലക്കാട്, അഴിയൂർ, ഒഞ്ചിയം, മാടായി എന്നീ പഞ്ചായത്തുകളിലെ റെയിൽവേ ലെവൽ ക്രോസ് അറ്റകുറ്റ പണികൾക്ക് മേൽ ശീർഷകത്തിൽ 2.2080094 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം.52)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം.എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസപത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**4515-00-800-98 – പി.എം.ജി.എസ്.വൈ.പദ്ധതികൾക്കുള്ള ധനസഹായം**

**(01) – കേന്ദ്ര വിഹിതം**

**വിഹിതം: 120 കോടി രൂപ (പദ്ധതി)**

**(02) – സംസ്ഥാന വിഹിതം**

**വിഹിതം: 80 കോടി രൂപ (പദ്ധതി)**

പ്രധാനമന്ത്രി ഗ്രാമ സഡക്ക് യോജന പ്രകാരം റോഡുകളുടെ പണി പൂർത്തീകരിക്കുവാൻ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ കേന്ദ്രവിഹിതമായി 108 കോടി രൂപയും സംസ്ഥാന വിഹിതമായി 72 കോടി രൂപയും ഉൾപ്പെടെ ആകെ 180 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം.53)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം.എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസപത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**4515-00-800-98 – പി.എം.ജി.എസ്.വൈ.പദ്ധതികൾക്കുള്ള ധനസഹായം**

**03 – അധിക സംസ്ഥാന വിഹിതം(പദ്ധതി)**

**വിഹിതം: 20 കോടി രൂപ (പദ്ധതി)**

പി.എം.ജി.എസ്.വൈ. പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 40 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം.54)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതത്തിനു പുറമേ 27.86 ലക്ഷം രൂപ ഉപധനാഭ്യർത്ഥന വഴി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം.എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസപത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**4515-00-800-97 – പ്രാദേശികമായ മൂൻഗണനാ പ്രവൃത്തികൾ**

**വിഹിതം: ഇല്ല**

ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൻ കീഴിൽ പ്രാദേശിക മൂൻഗണനാ പ്രവൃത്തികൾക്കായുള്ള പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികളുടെ 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിലുള്ള ബില്ലുകളിലെ തുക നൽകുന്നതിലേയ്ക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം.55)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം.എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസപത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**4515-00-800-96 – നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി**

**വിഹിതം: 300 കോടി രൂപ (പദ്ധതിയേതരം)**

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതിയിൽ 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഭാഗീക/ഫൈനൽ ബില്ലുകലിലെ തുക മാറിക്കൊടുക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 150 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം.56)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം.എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസപത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**4515-00-800-92 – വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II(മരാമത്ത് പണികളുടെ വിശദ വിവരങ്ങൾ)-ൽ ഉൾപ്പെട്ട പ്രവൃത്തികൾ**

**വിഹിതം: 1000 രൂപ (പദ്ധതിയേതരം)**

നിയമസഭാ സാമാജികർ തങ്ങളുടെ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്കായി

ബഡ്ജറ്റിലെ തുക വകയിരുത്തി നടത്തുന്ന നിർമ്മാണ പ്രവർത്തികൾക്കുള്ള ശിപാർശ പരിഗണിച്ച് ബഡ്ജറ്റ് എസ്റ്റിമേറ്റിൽ അനുബന്ധം II–ൽ ഉൾപ്പെടുത്തിയിട്ടുള്ള നിർമ്മാണ പ്രവൃത്തികൾക്ക് 1000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ, ഇതിലേയ്ക്കായി ഈ ശീർഷകത്തിൽ 25 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം.57)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതത്തിനു പുറമേ 31,06,04,000/- രൂപ അധിക വിഹിതമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം.എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസപത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു)

**ധനാഭ്യർത്ഥന XXXVI – ഗ്രാമവികസനം**

**ശിപാർശ**

**2501-06-197-48- കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം**

**2501-06-789-98- പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ.ഗ്രാമീണ) (60% സി.എസ്.എസ്.)**

**2501-06-789-98- പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ.ഗ്രാമീണ) 60% സി.എസ്.എസ്)**

**കേന്ദ്ര വിഹിതം : 25.50 കോടി രൂപ**

**സംസ്ഥാന വിഹിതം : 17 കോടി രൂപ**

പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി 2024 മാർച്ചിൽ അവസാനിക്കുന്നതിനാൽ നിലവിൽ സാങ്ഷൻ ചെയ്ത പി.എം.എ.വൈ. പദ്ധതിയിൽ

അനുവദിച്ച 13307 വീടുകളുടെ പൂർത്തീകരണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ കേന്ദ്രവിഹിതമായി 41.6088 കോടി രൂപയും സംസ്ഥാനവിഹിതമായി 27.7392 കോടി രൂപയും ഉൾപ്പെടെ 69.3480 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം.എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസപത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2505-02-101-99 – മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (90% സി.എസ്.എസ്)**

**(02) – സംസ്ഥാന വിഹിതം**

**വിഹിതം:75 ലക്ഷം രൂപ (പദ്ധതി)**

കേരള സർക്കാർ മിഷൻ ഡയറക്ടർക്കും മറ്റ് ഡെപ്യൂട്ടേഷൻ ജീവനക്കാർക്കും 2019-20 മുതൽ 2022-23 വരെയുള്ള കാലയളവിലെ ശമ്പള മേൽ ശീർഷകത്തിൽ നിന്നും വിതരണം ചെയ്യാൻ ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 2.2735 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം.59)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം.എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസപത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**25.05.-02-101-99- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (90% സി.എസ്.എസ്)**

**(04) ഫെസ്റ്റിവൽ അലവൻസ് വിതരണം ചെയ്യുന്നതിനുള്ള അധിക സംസ്ഥാന സഹായം വിഹിതം: ഇല്ല.**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പ്രകാരം തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഫെസ്റ്റിവൽ അലവൻസ് നൽകുന്ന ആവശ്യത്തിലേയ്ക്ക് മേൽ ശീർഷകത്തിൽ 60 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തിനു പുറമേ 44,96,38,000/- രൂപ അധികവിഹിതമായി അനുവദിച്ചു.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.

**ശിപാർശ**

**2505-02-101-92- എം.ജി.എൻ.ആർ.ജി.പി.ക്കു കീഴിലുള്ള തൊഴിലില്ലായ്മ വേതനം നൽകൽ**

**വിഹിതം: ഇല്ല**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകിയില്ലെങ്കിൽ തൊഴിലില്ലായ്മ വേതനത്തിന് തൊഴിലാളിക്ക് അർഹതയുണ്ട്. ആയതിൻപ്രകാരം തൊഴിലില്ലായ്മ വേതന വിതരണത്തിന് കാലതാമസം ഉണ്ടാകുമ്പോൾ കൊടുക്കേണ്ടി വരുന്ന നഷ്ടപരിഹാരത്തിന് മേൽ ശീർഷകത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

**സ്വീകരിച്ച നടപടി**

ഈ ഇനത്തിൽ തുക അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വേതനം അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുമ്പോൾ കൊടുക്കേണ്ടി വരുന്ന നഷ്ടപരിഹാരം**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വേതനം അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുമ്പോൾ കൊടുക്കേണ്ടി വരുന്ന നഷ്ടപരിഹാരം നൽകുന്നതിനുള്ള തുക വകയിരുത്തുന്നതിലേയ്ക്കായി പുതിയ ശീർഷകം

അനുവദിച്ച് ആയതിലേയ്ക്ക് 1 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

**സ്വീകരിച്ച നടപടി**

ഈ ഇനത്തിൽ തുക അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**2505-02-101-88- കേരള എംപ്ലോയ്മെന്റ് ഗ്യാരണ്ടി വർക്കേഴ്സ് വെൽഫെയർ ഫണ്ട്**

**(10) സംഭാവന**

**വിഹിതം: 1000 രൂപ (പദ്ധതിയേതരം)**

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ക്ഷേമപദ്ധതി നടപ്പാക്കുന്നതിന് മേൽ ശീർഷകത്തിൽ കൂടുതൽ തുക ആവശ്യമായതിനാൽ 8.5419 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**2515-00-001-50- ഭരണവും നടത്തിപ്പും – മേൽനോട്ടം**

**വിഹിതം: 14.7389 കോടി രൂപ (പദ്ധതിയേതരം)**

ഗ്രാമവികസന കമ്മീഷണറേറ്റിലെ ഉദ്യോഗസ്ഥൻമാരുടെ ശമ്പളം, വേതനം, യാത്രാചെലവുകൾ, മറ്റ് ആഫീസ് ചെലവുകൾ, വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, ഇന്ധനചെലവ് എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 5.2611 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തിന് പുറമേ 36,64,000/- രൂപ അധിക വിഹിതമായി അനുവദിച്ചു.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**2515-00-001-49- എൻ.ഇ.എസ്. പാറ്റേണിൽ ഉദ്യോഗസ്ഥരെ നിലനിർത്തുന്നതിനുള്ള ആവർത്തന ചെലവ്**

**വിഹിതം: 245.4955 കോടി രൂപ (പദ്ധതിയേതരം)**

എൻ.ഇ.എസ്. പാറ്റേണിൽ ഉദ്യോഗസ്ഥന്മാരെ നിലനിർത്തുന്നതിനുള്ള ആവർത്തന ചെലവിനും മുൻവർഷത്തെ കുടിശ്ശിക നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 54.5045 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന

വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**2515-00-001-48- ബ്ലോക്കുകളുടെ ഭരണം വിപുലീകരിക്കുന്നതിന്**

**വിഹിതം: 18.3932 കോടി രൂപ (പദ്ധതിയേതരം)**

ബ്ലോക്കുകളുടെ ഭരണ ചെലവുകൾക്കും ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും, മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും വാഹനങ്ങളുടെ പരിപാലനത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 6.6068 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**2515-00-003-50- ഗ്രാമസേവക പരിശീലന കേന്ദ്രങ്ങൾ**

**വിഹിതം: 5.3003 കോടി രൂപ (പദ്ധതിയേതരം)**

ഗ്രാമവികസന വകുപ്പിലെ പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനും ജീവനക്കാരുടെ ശമ്പളം, യാത്രബത്ത, ഓഫീസ് ചെലവുകൾ, വാഹനങ്ങളുടെ ഇന്ധന

ചെലവിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 4.6997 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**2515-00-102-89- പ്രയുക്ത പോഷകാഹാര പരിപാടികൾ**

**വിഹിതം: 13.1424 കോടി രൂപ (പദ്ധതിയേതരം)**

പ്രയുക്ത പോഷകാഹാര പരിപാടി നടത്തിപ്പിനുവേണ്ടി സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ തുടരുന്ന ജീവനക്കാരുടെ ശമ്പളം, ഇന്ധന ചെലവും ഇതിലെ മുൻവർഷത്തെ കുടിശ്ശിക നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 4.3576 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**2515-00-102-85- പ്രയുക്ത പോഷകാഹാര പരിപാടിയുടെ സമാഹരണം യൂണിസെഫ്**

**വിഹിതം: 57.96 ലക്ഷം രൂപ (പദ്ധതിയേതരം)**

പ്രയുക്ത പോഷകാഹാര പരിപാടിയുടെ സമാഹരണത്തിന്റെ ചുമതലയുള്ള ജീവനക്കാർക്കുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 17.04 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**2515-00-102-83- സംയോജിത പൂരക പോഷകാഹാരം, സാമൂഹ്യ വികസനം എന്നീ പദ്ധതികളുടെ വാഹന പരിപാലനത്തിനുള്ള മൂവാറ്റുപുഴയിലെ സർക്കാർ ട്രാൻസ്പോർട്ട് ഉപകരണസ്ഥാപനം**

**വിഹിതം: 33.25 ലക്ഷം രൂപ (പദ്ധതിയേതരം)**

സ്ഥാപനത്തിലെ ജീവനക്കാർക്കുള്ള ശമ്പളം, ബത്ത വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 16.75 ലക്ഷം രൂപ

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**2515-00-102-81- ഗ്രാമഭൂമി എന്ന മാസികയുടെ പ്രസിദ്ധീകരണം**

**വിഹിതം: 72.60 ലക്ഷം രൂപ (പദ്ധതിയേതരം)**

ഗ്രാമഭൂമി എന്ന മാസികയുടെ പ്രസിദ്ധീകരണ ചെലവിനും ജീവനക്കാരുടെ ശമ്പളം മറ്റ് ചെലവുകൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 27.40 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**2515-00-102-80- ബാലുശ്ശേരിയിൽ ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രം**

**വിഹിതം: 32.26 ലക്ഷം രൂപ (പദ്ധതിയേതരം)**

ബാലുശ്ശേരിയിലെ ഭക്ഷ്യ സംസ്കരണ പോഷകാഹാരകേന്ദ്രത്തിലെ ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, ഓഫീസ് ചെലവുകൾ മുതലായവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 37.74 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**2515-00-102-62- ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകൾ**

**വിഹിതം: 1 കോടി രൂപ (പദ്ധതി)**

ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ.) - വാട്ടർ ഷെഡ് കംപോണന്റ് (60% കേന്ദ്ര വിഹിതം)**

**2515-00-102-37- ജനറൽ (CS-13.35 കോടി രൂപ, SS- 8.9 കോടി രൂപ)**

**2515-00-789-99- എസ്.സി.പി. (CS-1.5 കോടി രൂപ, SS- 1 കോടി രൂപ)**

**2515-00-796-99- ടി.എസ്.പി. (CS-15 ലക്ഷം രൂപ, SS- 10 ലക്ഷം രൂപ)**

വാട്ടർഷെഡ് കംപോണന്റ് പദ്ധതി മൂന്ന് വർഷം കൊണ്ട് പൂർത്തീകരിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ കേന്ദ്രവിഹിതമായി 9 കോടി രൂപയും സംസ്ഥാന വിഹിതമായി 6 കോടി രൂപയും ചേർത്ത് ആകെ 15 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**2515-00-102-33- ഹരിതകേരളം മിഷൻ (ഗ്രാമം)**

**വിഹിതം: 10 കോടി രൂപ (പദ്ധതി)**

യു.എൻ.ഡി.പി. പദ്ധതിയുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിലുള്ള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ ഭരണപരമായ ചെലവുകൾക്കും, മിഷനുകളുടെ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നടത്തുന്നതിന് ജില്ലാ കോ-ഓർഡിനേറ്റർമാരെ സഹായിക്കുന്ന റിസോഴ്സ് പേഴ്സൺമാർ, ഇന്റേൺഷിപ്പ് ട്രയിനികൾ എന്നിവർക്ക് ഓണറേറിയം, സ്റ്റൈപ്പന്റ് എന്നിവ നൽകുന്നതിനും മിഷനുകളുടെ ഐ.ഇ.സി. പ്രവർത്തനങ്ങൾക്കും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 7.8 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**2515-00-102-30- ലൈഫ് പാർപ്പിട മിഷൻ സ്കീം നടപ്പിലാക്കുവാൻ ഹഡ്കോ ലഭ്യമാക്കിയ ലോണിന് KURDFC നൽകേണ്ട പലിശയ്ക്കുള്ള ധനസഹായം**

**വിഹിതം: 211.17 കോടി രൂപ (പദ്ധതി)**

ഗ്രാമീണ തൊഴിൽ മേഖലയിലെ ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾക്കായി ഹഡ്കോ കെ.യു.ആർ.ഡി.എഫ്.സി. മുഖേന

അനുവദിച്ചിട്ടുള്ള വായ്പയിന്മേലുള്ള പലിശ തിരിച്ചടവിനായി ഈ ശീർഷകത്തിൽ 91.49 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**2515-00-102-29- കുടുംബശ്രീ നിലവിലുള്ള പരിപാടികൾ**

**വിഹിതം: 220 കോടി രൂപ (പദ്ധതി)**

ഈ ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷത്തെ ചെലവിനായി അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 148.55 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**2515-00-102-26- ദേശീയ റർബൻ മിഷനുള്ള ഒറ്റത്തവണ സംസ്ഥാന സഹായം**

**വിഹിതം: 4.50 കോടി രൂപ (പദ്ധതി)**

ദേശീയ റർബൻ മിഷൻ പദ്ധതി 31.03.2023-ൽ അവസാനിക്കുന്നതിനാൽ 01.04.2022 മുതൽ 18.07.2022 വരെയുള്ള കാലയളവിൽ ആരംഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 28.66 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

(കാലതാമസ പത്രിക 06.10.2025-ൽ സഭയിൽ സമർപ്പിച്ചു.)

## അദ്ധ്യായം VII

**സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും.**

റിപ്പോർട്ട് കാലയളവിൽ സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ ഇല്ല.

**കെ. എം. ഷാജി,**
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി IX.

തിരുവനന്തപുരം,
2026,

**അനുബന്ധം**

**സബ്ജക്ട് കമ്മിറ്റി IX**

**(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)**

**29.09.2025-ലെ യോഗനടപടിക്കുറിപ്പ്**

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി **IX,** 2025 സെപ്റ്റംബർ 29-ാം തീയതി തിങ്കളാഴ്ച സഭാസമ്മേളനത്തിനുശേഷം വൈകുന്നേരം 6.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ ബഹു. തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിയുമായ ശ്രീ. വി. അബ്ദുറഹിമാനും താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. എൻ. കെ. അക്ബർ
2. ശ്രീ. എ. സി. മൊയ്തീൻ
3. ശ്രീ. റോജി എം. ജോൺ
4. ശ്രീ. പി. ഉബൈദുള്ള
5. ശ്രീ. ടി. ജെ. വിനോദ്

**നിയമസഭാ സെക്രട്ടേറിയറ്റ്:**

1. ശ്രീമതി രജനി വി. ആർ., അഡീഷണൽ സെക്രട്ടറി
2. ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. മിൻഹാജ് അലം, പ്രിൻസിപ്പൽ സെക്രട്ടറി, ന്യൂനപക്ഷക്ഷേമ വകുപ്പ്

2. ശ്രീമതി ടിങ്കു ബിസ്വാൾ, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

3. ശ്രീമതി അനുപമ ടി. വി., സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

4. ശ്രീ. ജെറോമിക് ജോർജ്, പ്രോജക്ട് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

5. ശ്രീ. സബിൻ സമീദ്, ഡയറക്ടർ (ഇൻ-ചാർജ്), ന്യൂനപക്ഷക്ഷേമ വകുപ്പ്

6. ശ്രീമതി എ. ഗീത, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ് & സെക്രട്ടറി, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്

7. ഡോ. ഫെബി വർഗ്ഗീസ്, ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം

8. ശ്രീ. പ്രവീൺ കുമാർ എസ്., അഡീഷണൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്

9. ശ്രീമതി ലതാകുമാരി എം. ബി., അഡീഷണൽ സെക്രട്ടറി, ആസൂത്രണ, സാമ്പത്തിക കാര്യ വകുപ്പ്

10. ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

11. ശ്രീ. എസ്. രാജീവ്, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

12. ശ്രീമതി ഷൈലമ്മ കെ., അഡീഷണൽ ഡയറക്ടർ, സാമ്പത്തിക ശാസ്ത്ര സ്ഥിതിവിവരക്കണക്ക് വകുപ്പ്

13. ശ്രീ. ഗിരീഷ് കുമാർ ജി., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

14. ശ്രീ. സൺദേവ് എൻ., ജോയിന്റ് സെക്രട്ടറി, ന്യൂനപക്ഷക്ഷേമ വകുപ്പ്

15. ശ്രീമതി പ്രസീത കെ. സി., ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
16. ശ്രീമതി ഉഷാകുമാരി എൻ. ബി., ജോയിന്റ് സെക്രട്ടറി, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്

17. ശ്രീമതി രജനി സി., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കായി ലഭിച്ച ബില്ലുകൾ, കരട് ചട്ടം, ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള ഫയലുകൾ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, കാലതാമസ പത്രികകൾ, വാർഷിക പ്രവർത്തന റിപ്പോർട്ട് യഥാസമയം സഭയിൽ സമർപ്പിക്കാത്തത് സംബന്ധിച്ച കാലതാമസ പത്രികകൾ, കരട് റിപ്പോർട്ടുകൾ എന്നിവ സമിതി പരിഗണനയ്ക്കെടുക്കുകയും കൂടിശ്ശിക ചട്ടങ്ങൾ സംബന്ധിച്ച ഫയലുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

## I. ബില്ലുകൾ

**1. 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ**
(ഫയൽ നം. KLS/7850/2025-Subc.D1)

പ്രസ്തുത ബിൽ സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും **ഖണ്ഡം 2-ൽ** "20" എന്ന അക്കത്തിന് പകരം "13" എന്ന അക്കം ചേർക്കണമെന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

2. **2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ**
(ഫയൽ നം. KLS/7850/2025-Subc.D1)

പ്രസ്തുത ബിൽ സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും **ഖണ്ഡം 9 (1) (ബി)**-ൽ "(3)-ാം" എന്ന അക്കത്തിനും ചിഹ്നങ്ങൾക്കും പകരം "മൂന്നാം" എന്ന വാക്ക് ചേർക്കണമെന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബില്ലുകളിലെ വ്യവസ്ഥകളിന്മേൽ സമിതി അംഗങ്ങളായ ശ്രീ. റോജി എം. ജോൺ, ശ്രീ. പി. ഉബൈദുള്ള, ശ്രീ. ടി. ജെ. വിനോദ് എന്നിവർ വിയോജിപ്പ് രേഖപ്പെടുത്തുകയും ആയത് സംബന്ധിച്ച കുറിപ്പ് സമിതിക്ക് സമർപ്പിക്കുകയും ചെയ്തു.

## II. കരട് ചട്ടം

**1. 2025-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ഭേദഗതി ചട്ടങ്ങൾ**

(ഫയൽ നം. KLS/5975/2025-Subc.D1)

(സ. കത്ത് നം. ആർ.ഡി1/104/2024/ തസ്വഭവ, തീയതി, 1706.2025.)

07.09.2024-ലെ വിജ്ഞാപന പ്രകാരം ഓരോ പഞ്ചായത്തിനും അനുവദിച്ചിട്ടുള്ള ആകെ സ്ഥാനങ്ങളുടെ എണ്ണത്തിന് അനുസൃതമായി രൂപീകരിക്കേണ്ട സ്റ്റാന്റിംഗ് കമ്മിറ്റികളിലെ അംഗങ്ങളുടെ എണ്ണം പുതുക്കി നിശ്ചയിക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2000-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് തയ്യാറാക്കിയ 2025-ലെ കേരള പഞ്ചായത്ത്രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ഭേദഗതി ചട്ടങ്ങളുടെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

## III. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയലുകൾ

**1. 2025-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ-സാധൂകരണം സംബന്ധിച്ച് (എസ്.ആർ.ഒ. നം. 297/2025)**

(ഫയൽ നം. KLS/5907/2025-Subc. D1)

(സ. കത്ത് നം. ആർ.ഡി2/48/ 2025/ത.സ്വ.ഭ.വ. തീയതി 20.06.2025)

മലയാള ഭാഷയിൽ പാസ്സാക്കുന്ന ഒരു മൂലനിയമത്തെ അടിസ്ഥാനമാക്കി ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ അവ ആദ്യം മലയാള ഭാഷയിൽത്തന്നെ ആയിരിക്കേണ്ടതാണെന്ന ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് പാലിക്കണമെന്ന് സമിതി പലതവണ നിർദേശം നൽകിയിട്ടും അതിന് വിരുദ്ധമായി തദ്ദേശസ്വയംഭരണ വകുപ്പ് ഇംഗ്ലീഷിൽ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും പ്രസ്തുത ചട്ടങ്ങൾ മലയാളത്തിൽ പുറപ്പെടുവിച്ച് അടിയന്തരമായി ലഭ്യമാക്കണമെന്ന് വകുപ്പിന് നിർദേശം നൽകുകയും ചെയ്തു.

**2. 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ടിന്മേലുള്ള കരട് ചട്ടം സംബന്ധിച്ച് സർക്കാരിൽനിന്നുള്ള റിപ്പോർട്ട്**

(12446/സബ്സി.ഡി1/21/ലെജി) (KLS/749/2025/Subc.D1.)

(സ. കത്ത് നം. RD3/23/2021/ത.സ്വ.ഭ.വ. തീയതി 17.01.2025)

ഹരിത മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി കെട്ടിടങ്ങൾക്ക് ഗ്രീൻ റേറ്റിങ്ങും ഗ്രീൻ ബിൽഡിങ് സർട്ടിഫിക്കേഷനും നൽകുന്നതിനുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതിനാലും 'ഗ്രീൻ ബിൽഡിങ്' എന്നതിന്റെ നിർവചനം 2019-ലെ കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാലും 2021-ലെ ധനകാര്യ (2-ാം നമ്പർ) ആക്ടിൽ ഹരിത കെട്ടിടത്തിന്റെ നിർവചനം ഉൾപ്പെടുത്തി

ഭേദഗതി വരുത്തിയതുപ്രകാരമുള്ള ചട്ടങ്ങൾ പുതിയതായി രൂപീകരിക്കേണ്ടതില്ലയെന്ന വകുപ്പിന്റെ വിശദീകരണം സമിതി അംഗീകരിക്കുകയും ഈ ഫയലിലെ നടപടി അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

## IV. പതിനഞ്ചാം കേരളനിയമസഭയുടെ 12-ാം സമ്മേളന കാലയളവുവരെ നിയമസഭ പാസ്സാക്കിയ നിയമങ്ങളിൽ ചട്ടരൂപീകരണം കൂടാതിരിക്കുന്നതിനുള്ള ചട്ടങ്ങൾ സംബന്ധിച്ച തെളിവെടുപ്പ്

**1. 1994-ലെ കേരള പഞ്ചായത്ത്രാജ് ആക്ട്, വകുപ്പ് 175(1) പ്രകാരം രൂപീകരിക്കേണ്ട ചട്ടങ്ങൾ രൂപീകരിക്കാത്തത് സംബന്ധിച്ച് ചട്ടം 303 പ്രകാരം ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ. സഭയിൽ ഉന്നയിച്ച ക്രമപ്രശ്നം സംബന്ധിച്ച്**

(ഫയൽ നം.17295/സബ്.സി.ഡി1/2021/ലെജി)

(സർക്കാർ കത്ത് നം. LSGD-RD1/55/2020-LSGD തീയതി 25.07.2023)

1994-ലെ കേരള പഞ്ചായത്ത്രാജ് ആക്ടിലെ വകുപ്പ് 175(1) അനുശാസിക്കുന്ന പ്രകാരമുള്ള കരട് ചട്ടം തയ്യാറാക്കിയിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചപ്പോൾ, ആയത് എത്രയും വേഗം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**2. 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ആക്ടിന്മേൽ രൂപീകരിച്ച കരട് ചട്ടത്തിന്മേൽ സമിതി നിർദ്ദേശപ്രകാരമുള്ള റിപ്പോർട്ട്.**

(ഫയൽ നം.21830/സബ്.സി.ഡി1/2021/ലെജി)

(സർക്കാർ കത്ത് നം. ആർ.ഡി3/23/2022/ തസ്വഭവ തീയതി 09.08.2024)

2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി കരട് ചട്ടത്തിലെ ചട്ടം13(1)-ലെ 'തൊഴിലാളികൾ അടയ്ക്കേണ്ട അംശദായത്തിന് തുല്യമായ തുകയുടെ 50 ശതമാനം സംസ്ഥാന സർക്കാരും 50 ശതമാനം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വഹിക്കേണ്ടതാണ്' എന്ന വ്യവസ്ഥ ആക്ടിലെ

വ്യവസ്ഥയ്ക്ക് വിരുദ്ധമായതിനാൽ ഇക്കാര്യത്തിൽ വ്യക്തത വരുത്തി റിപ്പോർട്ട് ലഭ്യമാക്കിയതിന് ശേഷം കരട് ചട്ടം വീണ്ടും പരിഗണിക്കാമെന്ന 28.12.2023-ലെ സമിതിയോഗ നിർദ്ദേശത്തിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടെന്നും നയപരമായ തീരുമാനമെടുക്കേണ്ട ഈ വിഷയത്തിൽ അന്തിമ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കുറച്ചു സമയംകൂടി അനുവദിക്കണമെന്നുള്ള വകുപ്പിന്റെ വിശദീകരണം സമിതി അംഗീകരിക്കുകയും താമസംവിനാ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

**3. 2021-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ (SRO 483/2021) മലയാള ഭാഷയിൽ തയ്യാറാക്കി ലഭ്യമാക്കാത്തത് സംബന്ധിച്ച്.**

(ഫയൽ നം.2131/സബ്.സി.ഡി1/2022/ലെജി)

(സർക്കാർ കത്ത് നം. ആർ.ഡി2/29/2022/എൽ.എസ്.ജി.ഡി. തീയതി 15.11.2024)

**4. 2021-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് (ഭേദഗതി) ചട്ടം (SRO 482/2021) മലയാള ഭാഷയിൽ തയ്യാറാക്കി ലഭ്യമാക്കാത്തത് സംബന്ധിച്ച്.**

(ഫയൽ നം.2132/സബ്.സി.ഡി1/2022/ലെജി)

(സർക്കാർ കത്ത് നം. 27/ആർ.ഡി1/2022/ തസ്വഭവ തീയതി 23.02.2024)

പ്രസ്തുത ചട്ടങ്ങൾക്ക് ആധാരമായ മൂലനിയമങ്ങൾ മലയാളത്തിലായിരുന്നിട്ടും SRO വിജ്ഞാപനങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ പുറപ്പെടുവിച്ചത് ബഹു. സ്പീക്കറുടെ റൂളിംഗിന് വിരുദ്ധമായതിനാൽ പ്രസ്തുത വിജ്ഞാപനങ്ങൾ മലയാളത്തിൽ തയ്യാറാക്കി അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**5. 2023-ലെ കേരള ധനകാര്യ 2-ാം നമ്പർ ആക്ട്- (കേരള പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി ആക്ടുകളുമായി ബന്ധപ്പെട്ട ഭേദഗതികൾ)-കരട് ചട്ടം ലഭ്യമാക്കുന്നത് സംബന്ധിച്ച്**

(ഫയൽ നം.10521/സബ്.സി.ഡി1/2023/ലെജി)

(സർക്കാർ കത്ത് നം. ആർ.ഡി3/37/2023/ തസ്വഭവ തീയതി 12.04.2023)

പ്രസ്തുത ആക്ടിന്മേലുള്ള കരട് ചട്ടങ്ങൾ 2023 ഡിസംബർ 31-നകം ലഭ്യമാക്കാമെന്ന് 28.12.2023-ലെ തെളിവെടുപ്പ് യോഗത്തിൽ ഉറപ്പു നൽകിയിട്ടും ആയത് നാളിതുവരെ ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും അവ അടിയന്തരമായി ലഭ്യമാക്കണമെന്ന് നിർദേശിക്കുകയും ചെയ്തു.

6. **2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ടിന്മേൽ കരട് ചട്ടം ലഭ്യമാക്കുന്നത് സംബന്ധിച്ച്.**

(ഫയൽ നം.9202/സബ്.സി.ഡി1/2024/ലെജി)

7. **2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ടിന്മേൽ കരട് ചട്ടം ലഭ്യമാക്കുന്നത് സംബന്ധിച്ച്**

(ഫയൽ നം.9837/സബ്.സി.ഡി1/2024/ലെജി)

8. **2024-ലെ കേരള മുനിസിപ്പാലിറ്റി (2-ാം ഭേദഗതി) ആക്ടിന്മേൽ കരട് ചട്ടം ലഭ്യമാക്കുന്നത് സംബന്ധിച്ച്.**

(ഫയൽ നം.15532/സബ്.സി.ഡി1/2024/ലെജി)

പ്രസ്തുത ആക്ടുകളിന്മേൽ കരട് ചട്ടങ്ങൾ തയ്യാറാക്കി സമിതിയുടെ പരിഗണനയ്ക്ക് അടിയന്തരമായി ലഭ്യമാക്കണമെന്ന് നിർദേശിച്ചു.

## V. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകളിൽനിന്നും ലഭ്യമാക്കിയിട്ടുള്ള നടപടി സ്റ്റേറ്റുമെന്റുകളുടെയും കാലതാമസപത്രികയുടെയും പരിഗണന

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ സാമ്പത്തിക വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച ചുവടെ ചേർക്കുന്ന നടപടി സ്റ്റേറ്റ്മെന്റുകളും കാലതാമസപത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**1. 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്**

(ഫയൽ നം. KLS/3231/2025/Subc.D1) (5588/2023)

തദ്ദേശസ്വയംഭരണ വകുപ്പ് (ഖണ്ഡിക 20-32, 39-78
(കാലതാമസപത്രിക സഹിതം)
(സ. കത്ത് നം. എഫ്.എം.2/136/2023-തസ്വഭവ, തീയതി 20.03.2025)

**2. 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്**

(ഫയൽ നം. KLS/6274/2025/Subc.D1) (12375/2024)

(a) ഭവന നിർമ്മാണ (എ) വകുപ്പ് (ഖണ്ഡിക 3-10, 12-20)
(സ. കത്ത് നം. എച്ച്.എസ്.ജി.എ 4/ 152/2024 തീയതി 05.07.25)

(b) പൊതുഭരണ (ന്യൂനപക്ഷക്ഷേമ)വകുപ്പ് (ഖണ്ഡിക 34-45)
(സ. കത്ത് നം. എം. ഡബ്ല്യു.3/259/2024/പൊ.ഭ.വ., തീയതി 25.07.2025)

**VI. വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കാത്തത് സംബന്ധിച്ച് വിവിധ വകുപ്പുകൾ ലഭ്യമാക്കിയിട്ടുള്ള കാലതാമസപത്രികകളുടെ പരിഗണന**

ചുവടെ ചേർത്തിരിക്കുന്ന വകുപ്പുകൾ വിവിധ സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് വിഭജനത്തിന്റെ ചെലവിന്മേലുള്ള വാർഷിക പ്രവർത്തന റിപ്പോർട്ടിനോടൊപ്പം ലഭ്യമാക്കിയ കാലതാമസപത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

1. ആഭ്യന്തര (ഇ) വകുപ്പ് (2021-22)
(സർക്കാർ കത്ത് നം. ഇ 2/367/2023/ആഭ്യന്തരം, തീയതി 04.12.2024)

2. ആഭ്യന്തര (ഇ) വകുപ്പ് (2022-23)
(സർക്കാർ കത്ത് നം. ഇ 2/453/2024/ആഭ്യന്തരം, തീയതി 01.01.2025)

3. തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ് (2022-23)
(സർക്കാർ കത്ത് നം. FM2/15/2023-LSGD തീയതി 21.06.2025)

4. ആഭ്യന്തര (ഇ) വകുപ്പ് (2023-24)
(സർക്കാർ കത്ത് നം. ഇ 2/5/2025-ആഭ്യന്തരം തീയതി 17.02.2025)

5. ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ് (2023-24)
(സർക്കാർ കത്ത് നം. PLGEA-B1/67/2025 തീയതി 05.07.2025)

6. പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ് (2023-24)
(സർക്കാർ കത്ത് നം. എം. ഡബ്ല്യു. 1/134/2025/പൊ.ഭ.വ., തീയതി 25.07.2025.)

## VII. കരട് റിപ്പോർട്ടുകൾ

### 1. 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

## 2. 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(യോഗം വൈകുന്നേരം 6.30-ന് പിരിഞ്ഞു.)

**പതിനഞ്ചാം കേരള നിയമസഭ**

**സബ്ജക്ട് കമ്മിറ്റി IX**

**(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും)**

**06.02.2026-ലെ യോഗനടപടിക്കുറിപ്പ്**

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX, 2026 ഫെബ്രുവരി 6-ാം തീയതി വെള്ളിയാഴ്ച്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ യോഗം ചേർന്നു. സമിതി ചെയർപേഴ്സണും തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. എം. ബി. രാജേഷ് വീഡിയോ കോൺഫറൻസിലൂടെ അധ്യക്ഷത വഹിച്ച യോഗത്തിൽ സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗവും ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിയുമായ ശ്രീ. വി. അബ്ദുറഹിമാനും (വീഡിയോ കോൺഫറൻസിങ് മുഖേന) ഹാജരായിരുന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. എ. സി. മൊയ്തീൻ (വീഡിയോ കോൺഫറൻസിങ് മുഖേന)
2. ശ്രീ. വി. കെ. പ്രശാന്ത് (വീഡിയോ കോൺഫറൻസിങ് മുഖേന)
3. ശ്രീ. റോജി എം. ജോൺ (വീഡിയോ കോൺഫറൻസിങ് മുഖേന)

**നിയമസഭാ സെക്രട്ടേറിയറ്റ്:**

1. ശ്രീമതി വി. ആർ. രജനി, അഡീഷണൽ സെക്രട്ടറി
2. ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. ഹരീന്ദ്രൻ, അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ:**

1. ശ്രീമതി ടിങ്കു ബിസ്വാൾ, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീമതി അനുപമ ടി. വി., സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3. ശ്രീ. ജെറോമിക് ജോർജ്, പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
4. ശ്രീമതി അപൂർവ ത്രിപാഠി, ഡയറക്ടർ, തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പ്
5. ശ്രീ. രഞ്ജിത്ത് ഡി., മിഷൻ ഡയറക്ടർ, (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി)
6. ഡോ. സന്തോഷ് ബാബു, ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ (ഇൻ-ചാർജ്), ഇൻഫർമേഷൻ കേരള മിഷൻ
7. ശ്രീ. ടി. എം. മുഹമ്മദ് ജാ, ഡയറക്ടർ, ശുചിത്വ മിഷൻ
8. ശ്രീ. സന്ദീപ് കുമാർ, ഡയറക്ടർ, കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് ആൻഡ് എൻവയോൺമെന്റ് സെന്റർ
9. ശ്രീമതി ഷിജി ഇ. ചന്ദ്രൻ, ചീഫ് ടൗൺ പ്ലാനർ (ജനറൽ), ടൗൺ ആൻഡ് കൺട്രി പ്ലാനിങ് ഡിപ്പാർട്ടുമെന്റ്
10. ശ്രീമതി ആശ അജയ് ഘോഷ്, ചീഫ് ടൗൺ പ്ലാനർ (പ്ലാനിങ്), ടൗൺ ആൻഡ് കൺട്രി പ്ലാനിങ് ഡിപ്പാർട്ടുമെന്റ്
11. ശ്രീ. അബ്ദുൾ റാജിബ് പി. വി., ജോയിന്റ് ഡയറക്ടർ, പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്
12. ശ്രീ. പ്രദീപ് ടി. പി., ഫിനാൻസ് ഓഫീസർ, നവകേരളം കർമ്മപദ്ധതി II
13. ശ്രീമതി ഇന്ദു എസ്., അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, നവകേരളം കർമ്മപദ്ധതി II
14. ശ്രീ. അബ്രഹാം കോശി, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ, ഹരിത കേരള മിഷൻ

സമിതി അംഗമായിരുന്ന കാനത്തിൽ ജമീലയുടെ നിര്യാണത്തിൽ സമിതി അനുശോചനം രേഖപ്പെടുത്തി. തുടർന്ന് 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ പരിധിയിൽ വരുന്ന XXII (നഗരവികസനം), XXVIII (പലവക സാമ്പത്തിക സർവീസുകൾ), XXXV (പഞ്ചായത്ത്), XXXVI (ഗ്രാമവികസനം) എന്നീ ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആരായുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ശിപാർശകൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന XXII – നഗരവികസനം

**2217-05-001-64 – വിശദമായ മാസ്റ്റർപ്ലാനും ടൗൺ പ്ലാനും തയ്യാറാക്കുന്നതിനുള്ള പദ്ധതികൾ**

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ ആസൂത്രിത വികസനം നിയന്ത്രിക്കുന്നതിനായി മാസ്റ്റർ പ്ലാനുകളും വിശദ നഗര പ്ലാനുകളും തയ്യാറാക്കുന്ന പദ്ധതിക്ക് 2026-27 സാമ്പത്തിക വർഷത്തേക്ക് 2.45 കോടി രൂപ ആവശ്യം വരുന്നതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമേ മേൽ ശീർഷകത്തിൽ 20 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

**2217-05-192-48-42 – അമൃത് 2.0-ന് കീഴിൽ പട്ടണങ്ങളിൽ ജിഐഎസ് അടിസ്ഥാനമാക്കിയുള്ള മാസ്റ്റർപ്ലാൻ രൂപപ്പെടുത്തുന്നതിനുള്ള പിന്തുണാ പദ്ധതി-അധിക സംസ്ഥാന സഹായം**

അമൃത് 2.0 പദ്ധതിയുടെ ഭാഗമായി ആവശ്യപ്പെട്ടിരുന്ന സ്കീം ഇംപ്ലിമെന്റേഷൻ യൂണിറ്റ്

പ്രവർത്തനങ്ങൾ, സി.ഇ.ആർ.സി. കൂടുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, എന്നിവയ്ക്ക് പുറമെ ജില്ലാ കാര്യാലയങ്ങളിലേക്ക് കരാർ നിയമനങ്ങൾക്കായും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 62 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

**2217-05-800-67 – <u>സംസ്ഥാനത്ത് സ്ഥല സംബന്ധമായ ആസൂത്രിത രൂപരേഖ തയ്യാറാക്കൽ</u>**

സംസ്ഥാനത്ത് നിലവിലുള്ള ജില്ലാ പദ്ധതിയെ അടിസ്ഥാനമാക്കി സ്ഥലപരമായ പുനഃക്രമീകരണം, സുസ്ഥിര വികസനം, പ്രളയബാധിതവും പരിസ്ഥിതിലോലവുമായ പ്രദേശങ്ങളിലെ ജനങ്ങളുടെ പുനരധിവാസം എന്നിവ ലക്ഷ്യമാക്കി സമഗ്ര പദ്ധതി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രസ്തുത ശീർഷകത്തിൽ 2026-27 സാമ്പത്തിക വർഷത്തേക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമേ മേൽ ശീർഷകത്തിൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2217-80-003-99-34 <u>നഗര ഗ്രാമാസൂത്രണത്തിൽ ഉദ്യോഗസ്ഥർക്കും അപ്രന്റിസുകൾക്കും പരിശീലനം നൽകൽ</u>**

ഏകീകൃത തദ്ദേശ വകുപ്പിൽ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നിനായി വിവിധ തലങ്ങളിലുള്ള നിരവധി പരിശീലനങ്ങൾ നടത്തേണ്ടത് അനിവാര്യമാണ്. കഴിഞ്ഞ സാമ്പത്തികവർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാൽ ക്രമീകരിച്ചിരുന്ന പല പരിശീലനങ്ങളും നടത്താൻ സാധിക്കാതെ വരുകയും അവ കൂടി ഈ സാമ്പത്തികവർഷം

നടത്തേണ്ടതുള്ളതിനാൽ 2026-27 സാമ്പത്തിക വർഷം 80 ലക്ഷം രൂപ ആവശ്യമായി വരുന്നതിനാൽ ബഡ്ജറ്റ് വിഹിതത്തിനുപുറമേ മേൽ ശീർഷകത്തിൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2217-80-800-83 – എല്ലാ ജില്ലകളിലെയും പ്രാദേശിക വികസന പദ്ധതി, സംയോജിത ജില്ലാ വികസന പദ്ധതി തയ്യാറാക്കൽ**

എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും പ്രാദേശിക വികസന രൂപരേഖയും ഓരോ ജില്ലയ്ക്കും സംയോജിത ജില്ലാ വികസന രൂപരേഖയും തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രസ്തുത പദ്ധതിയുടെ 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 35 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2217-80-800-56 – ക്ലസ്റ്റർതലത്തിലുള്ള മാലിന്യ സംസ്കരണ അടിസ്ഥാന സൗകര്യ വികസന പിന്തുണ –നഗരം**

മാലിന്യ സംസ്കരണ സംവിധാനത്തിലെ നിലവിലുള്ള വിടവ് നികത്തുന്നതിന് സംസ്ഥാനത്തുടനീളം പ്രധാന ക്ലസ്റ്റർതല മാലിന്യ സംസ്കരണ പദ്ധതികൾ സ്ഥാപിക്കേണ്ടത് ആവശ്യമാണ്. ക്ലസ്റ്റർതല പദ്ധതികൾക്കായി വിശദമായ പദ്ധതി റിപ്പോർട്ടുകൾ (ഡിപിആർ) തയ്യാറാക്കുന്നതിനുള്ള ധനസഹായം, വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (വിജിഎഫ്), പ്ലാന്റുകളുടെ പ്രവർത്തനം, പരിപാലനം എന്നിവയ്ക്കായി ബഡ്ജറ്റ് വിഹിതത്തിനുപുറമേ മേൽ ശീർഷകത്തിൽ 8 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന XXXV – പഞ്ചായത്ത്

**2515-00-001-85-ഇൻഫർമേഷൻ കേരളാ മിഷൻ-വിവര വിനിമയ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രാദേശികഭരണം ശക്തിപ്പെടുത്തൽ**

നഗര, ഗ്രാമ ഭരണ സ്ഥാപനങ്ങളിൽ KSMART ആപ്ലിക്കേഷൻ വിന്യസിക്കുന്നതിനായുള്ള പ്രവൃത്തികൾക്കും ഐ.കെ.എം. ജീവനക്കാരുടെ ശമ്പളത്തിനായും മറ്റ് ചെലവുകൾക്കായും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 28 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2515-00-101-65 – സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ)-നിർമ്മൽ ഭാരത് അഭിയാൻ (60% സി.എസ്.എസ്.)**

**2515-00-789-98 – സ്വച്ച് ഭാരത് മിഷൻ (പ്രത്യേക പദ്ധതി വിഹിതം) (ഗ്രാമീൺ)**

**2515-00-796-98 – സ്വച്ച് ഭാരത് മിഷൻ – (പട്ടികവർഗ്ഗ ഉപ പദ്ധതി – ഗ്രാമീൺ)**

ഓരോ ഗ്രാമത്തിലും സമഗ്രവും സമ്പൂർണ്ണവുമായ ശുചിത്വ സൗകര്യങ്ങളും മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങളും ഉറപ്പാക്കുകയെന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ബഡ്ജറ്റ് വിഹിതത്തിനുപുറമേ മേൽ ശീർഷകത്തിൽ കേന്ദ്ര വിഹിതമായി 37.5 കോടി രൂപയും സംസ്ഥാന വിഹിതമായി 25 കോടി രൂപയും ചേർത്ത് ആകെ 62.5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

**2515-00-101-56-01, 02 (ജനറൽ) – രാഷ്ട്രീയഗ്രാമ സ്വരാജ് അഭിയാൻ-പൊതുവിഭാഗം(60% സി.എസ്.എസ്.)**

**2515-00-789-97-01, 02 (എസ്.സി.പി.) – രാഷ്ട്രീയഗ്രാമ സ്വരാജ് അഭിയാൻ (പ്രത്യേക ഘടക ഉപ പദ്ധതി) (60% സി.എസ്.എസ്.)**

**2515-00-796-97-01, 02 (ടി.എസ്.പി.) – രാഷ്ട്രീയഗ്രാമ സ്വരാജ് അഭിയാൻ – പട്ടികവർഗ്ഗ ഉപ പദ്ധതി – (60% സി.എസ്.എസ്.)**

ത്രിതല പഞ്ചായത്തുകളുടെയും ഗ്രാമസഭകളുടെയും കാര്യശേഷി വികസനത്തിനും അതുവഴി വികസനത്തിൽ പൊതുജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും വിഭാവനം ചെയ്യുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ബഡ്ജറ്റ് വിഹിതത്തിനുപുറമേ മേൽ ശീർഷകത്തിൽ കേന്ദ്ര വിഹിതമായി 6.3 കോടി രൂപയും സംസ്ഥാന വിഹിതമായി 4.2 കോടി രൂപയും ചേർത്ത് ആകെ 10.5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2515-00-101-15- ഗ്രാമീണ മേഖലയ്ക്കുള്ള ക്ലസ്റ്റർതല മാലിന്യ സംസ്കരണ അടിസ്ഥാന സൗകര്യ പിന്തുണ**

മാലിന്യ സംസ്കരണ സംവിധാനത്തിലെ ക്ലസ്റ്റർതല പദ്ധതികൾക്കായി വിശദമായ പദ്ധതി റിപ്പോർട്ടുകൾ (ഡിപിആർ) തയ്യാറാക്കുന്നതിനുള്ള ധനസഹായം, വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (വിജിഎഫ്), പ്ലാന്റുകളുടെ പ്രവർത്തനം, പരിപാലനം എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ മേൽ ശീർഷകത്തിൽ 4 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

**4515-00-800-98(01, 02)- പി.എം.ജി.എസ്.വൈ പദ്ധതികൾക്കുള്ള ധനസഹായം - (കേന്ദ്രവിഹിതം, സംസ്ഥാനവിഹിതം)**

പ്രധാനമന്ത്രി ഗ്രാമസഡക് യോജന (പി.എം.ജി.എസ്.വൈ) പദ്ധതിയിൽ സംസ്ഥാനത്ത് അനുവദിച്ചിരിക്കുന്ന റോഡുകളും ലോംഗ് സ്പാൻ ബ്രിഡ്ജുകളും പൂർത്തീകരിക്കുന്നതിനായും പി.എം.ജി.എസ്.വൈ 4-ന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായും ബഡ്ജറ്റ് വിഹിതത്തിനു പുറമേ മേൽ ശീർഷകത്തിൽ കേന്ദ്ര വിഹിതമായി 97.5 കോടി രൂപയും സംസ്ഥാന വിഹിതമായി 65 കോടി രൂപയും ചേർത്ത് ആകെ 162.5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

**4515-00-800-98(03)- പി.എം.ജി.എസ്.വൈ പദ്ധതികൾക്കുള്ള ധനസഹായം - അധിക സംസ്ഥാന വിഹിതം**

പ്രധാനമന്ത്രി ഗ്രാമസഡക് യോജന (പി.എം.ജി.എസ്.വൈ) പദ്ധതിയിൽ ടെണ്ടർ പ്രീമിയം യൂട്ടിലിറ്റി ഷിഫ്റ്റിംഗിന്റെ ചെലവുകൾ നിർമ്മാണം പൂർത്തിയാക്കിയ റോഡുകളുടെ പരിപാലനം, ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും എന്നിവയുടെ ചെലവുകൾ കണ്ടെത്തുന്നതിന് ബഡ്ജറ്റ് വിഹിതത്തിനുപുറമേ മേൽ ശീർഷകത്തിൽ 13.56 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന XXXVI – ഗ്രാമവികസനം

**2501-06-197-48- കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം**

**(11), (12) പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ. ഗ്രാമീണ) (60% സി.എസ്.എസ്)**

**2501-06-789-98-(01), (02)- പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ. ഗ്രാമീണ) (60% സി.എസ്.എസ്)**

**2501-06-796-98-(01), (02)- പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ. ഗ്രാമീണ) (60% സി.എസ്.എസ്)**

PMAY-G പദ്ധതി പ്രകാരം 2026-27 സാമ്പത്തിക വർഷത്തിൽ അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിന് കേന്ദ്ര വിഹിതമായി 313.48 കോടി രൂപയും സംസ്ഥാന വിഹിതമായി 208.99 കോടി രൂപയും ചേർത്ത് ആകെ 522.47 കോടി രൂപ മേൽ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

**2501-06-197-48- കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം**

**(28), (29) പ്രധാനമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ**

PM-JANMAN പദ്ധതി പ്രകാരം 1814 വീടുകൾ പൂർത്തിയാക്കുന്നതിന് കേന്ദ്ര വിഹിതമായി 10.456405 കോടി രൂപയും സംസ്ഥാന വിഹിതമായി 6.970936 കോടി രൂപയും ചേർത്ത് ആകെ 17.427341 കോടി രൂപ മേൽ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യ.

**2501-06-198-48- കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം**

**(03), (04) ദീൻദയാൽ അന്ത്യോദയ യോജന, ദേശീയ ഗ്രാമീണ ഉപജീവന മിഷൻ- ഡിഎ വൈ-എൻ ആർ എൽ എം (60% സി.എസ്.എസ്)- പൊതുവിഭാഗം**

**(05), (06) ദീൻദയാൽ അന്ത്യോദയ യോജന, ദേശീയ ഗ്രാമീണ ഉപജീവന മിഷൻ- ഡിഎ വൈ-എൻ ആർ എൽ എം (60% സി.എസ്.എസ്)- പ്രത്യേക പദ്ധതി വിഹിതം**

**(07), (08) ദീൻദയാൽ അന്ത്യോദയ യോജന, ദേശീയ ഗ്രാമീണ ഉപജീവന മിഷൻ- ഡിഎ വൈ-എൻ ആർ എൽ എം (60% സി.എസ്.എസ്)- ഗിരിവർഗ്ഗ പ്രദേശ ഉപപദ്ധതി**

ഗ്രാമീണ ദരിദ്ര കുടുംബങ്ങളെ, പ്രത്യേകിച്ച് സ്ത്രീകളെ സ്വയം സഹായ സംഘങ്ങളായി സംഘടിപ്പിച്ച് ബാങ്ക് വായ്പകളും തൊഴിലവസരങ്ങളും വഴി ദാരിദ്ര്യനിർമ്മാർജനം ചെയ്യാനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയിൽ കേന്ദ്ര വിഹിതമായി 136.2 കോടി രൂപയും സംസ്ഥാന വിഹിതമായി 90.8 കോടി രൂപയും ചേർത്ത് ആകെ 227 കോടി രൂപ മേൽ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ

ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2501-06-198-48- കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം**

**(15), (16) സ്റ്റാർട്ട് അപ് ഗ്രാമീണ സംരംഭകത്വ പരിപാടി (60% സി.എസ്.എസ്)**

2026-27 സാമ്പത്തിക വർഷത്തിലേക്ക് എസ്.വി.ഇ.പി. പദ്ധതിയ്ക്കായി കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ള വാർഷിക പ്രവർത്തന പദ്ധതിയുടെ തുക സമയബന്ധിതമായി ലഭ്യമാകുന്നതിലേക്കായി കേന്ദ്ര വിഹിതമായി 51 കോടി രൂപയും സംസ്ഥാന വിഹിതമായി 34 കോടി രൂപയും ചേർത്ത് ആകെ 85 കോടി രൂപ മേൽ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

**2501-06-198-48- കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം**

**(18), (19) മഹിളാ കിസാൻ സശക്തികരൻ പരിയോജന – ജനറൽ (60% സി.എസ്.എസ്)**

**(20), (21) മഹിളാ കിസാൻ സശക്തികരൻ പരിയോജന – എസ്.സി.പി. (60% സി.എസ്.എസ്)**

**(22), (23) മഹിളാ കിസാൻ സശക്തികരൻ പരിയോജന – ടി.എസ്.പി. (60% സി.എസ്.എസ്)**

2026-27 സാമ്പത്തിക വർഷത്തിലേക്ക് എം.കെ.എസ്.പി.ഐ.എഫ്.സി. പദ്ധതിയ്ക്കായി കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ള വാർഷിക കർമ്മ പദ്ധതിയുടെ തുക സമയബന്ധിതമായി ലഭ്യമാകുന്നതിലേക്കായി കേന്ദ്ര വിഹിതമായി 5.85 കോടി രൂപയും സംസ്ഥാന വിഹിതമായി 3.9 കോടി രൂപയും ചേർത്ത് ആകെ 9.75 കോടി രൂപ മേൽ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി

വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2505-02-101-99 – മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി (100% സി.എസ്.എസ്)**

**(02) ഭരണപരമായ ചെലവുകൾ – അധിക സംസ്ഥാന സഹായം**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.2735 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു .

**2505-02-101-99 – മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി (100% സി.എസ്.എസ്)**

**(04) ഫെസ്റ്റിവൽ അലവൻസ് വിതരണം ചെയ്യുന്നതിനുള്ള അധിക സംസ്ഥാന സഹായം**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കുന്ന കുടുംബങ്ങൾക്ക് ഓണത്തോടനുബന്ധിച്ച് അനുവദിക്കുന്ന ഫെസ്റ്റിവൽ അലവൻസിന് സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 6 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

**2505-02-101-92 – എം.ജി.എൻ.ആർ.ഐ.ജി. പദ്ധതി**

**എം.ജി.എൻ.ആർ.ഐ.ജി.** പദ്ധതിയ്ക്കു കീഴിൽ തൊഴിലാളികൾക്ക് തൊഴിലില്ലായ്മ വേതനത്തിന് അർഹതയുണ്ടെന്നും തൊഴിലില്ലായ്മ വേതനം നഷ്ടപരിഹാരത്തിന്റെ മുൻകൂർ പേയ്മെന്റായി നൽകേണ്ടതുള്ള ഈയിനത്തിൽ ബഡ്ജറ്റിൽ തുക

വകയിരുത്തിയിട്ടില്ലായെന്നും സമിതി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ മേൽ ശീർഷകത്തിൽ 1 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

**2505-02-101-91 – <u>എം.ജി.എൻ.ആർ.ഇ.ജി. പദ്ധതി</u>**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പരിധിയിൽ വരുന്ന തൊഴിലാളികൾക്ക് വേതനം നൽകുന്നതിൽ കാലതാമസം ഉണ്ടായാൽ കൊടുക്കേണ്ട കാലതാമസ നഷ്ടപരിഹാരത്തിന്റെ മുൻകൂർ പേയ്മെന്റായി നൽകേണ്ടതുണ്ടതിനാൽ ഈയിനത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്താത്ത സാഹചര്യത്തിൽ മേൽ ശീർഷകത്തിൽ 1 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2505-02-101-88 – <u>കേരള എംപ്ലോയ്മെന്റ് ഗ്യാരണ്ടി വർക്കേഴ്സ് വെൽഫെയർ ഫണ്ട്</u>**
**(10) <u>സംഭാവന</u>**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെയും പരിധിയിൽ വരുന്ന തൊഴിലാളികൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 30.7199 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2515-00-102-33- <u>നവകേരള കർമ്മ പദ്ധതി-2 (ഹരിത കേരളം മിഷൻ)</u>**

നവകേരള കർമ്മപദ്ധതി-2-ന്റെ ഐ.ഇ.സി. പ്രവർത്തനങ്ങൾ, റിസോഴ്സ് പേഴ്സൺമാരുടെ ഹോണറേറിയം, ഹരിത കേരളം മിഷന്റെ ജലസംരക്ഷണം, പാറക്വാറികളിൽ നിന്നുള്ള ജലപുനരുപയോഗം, നെറ്റ് സീറോ കാർബൺ ജനങ്ങളിലൂടെ, പരിസ്ഥിതി പുനഃസ്ഥാപനം, മെൻസ്ട്രൽ കപ്പ് വിതരണം, മാലിന്യ സംസ്കരണം എന്നീ മേഖലകളിൽ നടത്തിവരുന്ന തനത് പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ

ശീർഷകത്തിൽ 17.05 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

**2515-00-102-21 – കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി**

**(ലീപ് കേരള മിഷൻ)**

സാമൂഹ്യ സാക്ഷരത, കാലാവസ്ഥാ സാക്ഷരത, സാംസ്കാരിക സാക്ഷരത, ചരിത്ര സാക്ഷരത ഉൾപ്പെടെ നവോത്ഥാന സാക്ഷരത, മാധ്യമസാക്ഷരത എന്നീ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 3 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

**4515-00-102-49–സമ്പൂർണ്ണ ഭവന പദ്ധതി-ഗ്രാമം (ലൈഫ് - പാർപ്പിട മിഷൻ)**

ഗ്രാമീണ മേഖലയിൽ ലൈഫ് പാർപ്പിട മിഷൻ മൂന്നാം ഘട്ട പദ്ധതിയുടെ ഭാഗമായി ഭൂമിയില്ലാത്ത ഭവനരഹിതർക്ക് ഭവനസമുച്ചയങ്ങളും ഭൂമി ലഭ്യമാക്കുന്നവർക്ക് വ്യക്തിഗത വീടുകളും നിർമ്മിച്ചു നൽകാനും 2026-27 വർഷത്തിൽ ലക്ഷ്യമിട്ടിട്ടുള്ള ഒരുലക്ഷം വ്യക്തിഗത ഭവനങ്ങൾക്കും സംസ്ഥാന വിഹിതം നൽകുന്നതിനും നിർമ്മാണം പുരോഗമിക്കുന്ന ഭവന സമുച്ചയങ്ങൾക്കായും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ മേൽ ശീർഷകത്തിൽ 680.43 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗംവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 2.45-ന് പിരിഞ്ഞു.

# പതിനഞ്ചാം കേരള നിയമസഭ

## സബ്ജക്ട് കമ്മിറ്റി IX

## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും)

## 10.02.2026-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX, 2026 ഫെബ്രുവരി 10-ാം തീയതി ചൊവ്വാഴ്ച്ച ഉച്ചയ്ക്കശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളന ഹാളിൽ യോഗം ചേർന്നു. സമിതി ചെയർപേഴ്സണിന്റെ അസാന്നിധ്യത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും റവന്യൂ-ഭവനനിർമ്മാണ വകുപ്പു മന്ത്രിയുമായ ശ്രീ. കെ. രാജൻ വീഡിയോ കോൺഫറൻസിലൂടെ അധ്യക്ഷത വഹിച്ച യോഗത്തിൽ സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗവും ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിയുമായ ശ്രീ. വി. അബ്ദുറഹിമാനും (വീഡിയോ കോൺഫറൻസിങ് മുഖേന) ഹാജരായിരുന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. എൻ. കെ. അക്ബർ
2. ശ്രീ. എ. സി. മൊയ്തീൻ
3. ശ്രീ. പി. ഉബൈദുള്ള

**നിയമസഭാ സെക്രട്ടേറിയറ്റ്:**

1. ശ്രീമതി വി. ആർ. രജനി, അഡീഷണൽ സെക്രട്ടറി
2. ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. ഹരീന്ദ്രൻ, അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ:**

1. ശ്രീ. മിൻഹാജ് ആലം, അഡീഷണൽ ചീഫ് സെക്രട്ടറി, ന്യൂനപക്ഷ ക്ഷേമ വകുപ്പ്
2. ശ്രീമതി എ. ഗീത, സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ_ബോർഡ്
3. ശ്രീ. സബിൻ സമീദ്, ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്
4. ശ്രീ. ഷിജൂ ഷെറീഫ്, ഡയറക്ടർ, സൈനികക്ഷേമ വകുപ്പ്
5. ശ്രീമതി ലതാകുമാരി എം. ബി., അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
6. ശ്രീ. എസ്. പ്രവീൺ, അഡീഷണൽ സെക്രട്ടറി, ഭവനനിർമ്മാണ വകുപ്പ്
7. ശ്രീ. സുധൻ ഡബ്ല്യൂ. ജെ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
8. ഡോ. ഫെബി വർഗീസ്, ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം
9. ശ്രീ. നിസാർ എച്ച്., മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ
10. ശ്രീമതി ഷൈലാമ്മ കെ., അഡീഷണൽ ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
11. ശ്രീമതി ഷീബ കെ., ഫിനാൻസ് ഓഫീസർ, കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ
12. ശ്രീ. വി. സന്തോഷ്, ചീഫ് ടെക്നിക്കൽ ഓഫീസർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം

സമിതി, 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ പരിധിയിൽ വരുന്ന XXI (ഭവനനിർമ്മാണം), XXV (പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം) എന്നീ ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആരായുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ശിപാർശകൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

## ഭവനനിർമ്മാണ വകുപ്പ്

### ധനാഭ്യർത്ഥന നമ്പർ – XXI

**2216-05-053-97 – സംരക്ഷണവും അറ്റകുറ്റപ്പണികളും**

**01 – സംരക്ഷണവും അറ്റകുറ്റപ്പണികളും**

**02 – പ്രത്യേക അറ്റകുറ്റപ്പണികൾ**

**03 – വൈദ്യുത സാമഗ്രികളുടെ സംരക്ഷണം**

കരാറുകാർക്ക് കൊടുക്കുവാനുള്ള 7.5 കോടി രൂപ കൊടുത്തു തീർക്കുന്നതിനും പുതുതായി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള ചെലവുകൾക്കുമായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 10 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

**2216-05-053-95 – തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപണികളും**

**01 – സാധാരണ അറ്റകുറ്റപണികൾ**

**02 – പ്രത്യേക അറ്റകുറ്റപ്പണികൾ**

**03 – വൈദ്യുത സാമഗ്രികളുടെ സംരക്ഷണം**

കരാറുകാർക്ക് കൊടുക്കുവാനുള്ള 40.39 ലക്ഷം രൂപ കൊടുത്തു തീർക്കുന്നതിനും പുതുതായി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള ചെലവുകൾക്കുമായി ബഡ്ജറ്റ് വിഹിതത്തിനുപുറമേ മേൽ ശീർഷകത്തിൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2216-80-001-99 – ഹൗസിംഗ് കമ്മീഷണർ**

**06 – വാടക, കരം, നികുതി**

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ കെട്ടിടത്തിൽ താഴത്തെ നിലയിൽ പ്രവർത്തിക്കുന്ന കാര്യാലയത്തിന്റെ ഓഫീസ് സ്ഥലത്തിന് പ്രതിമാസം 83,112 രൂപ ആവശ്യമായി വരുന്നതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്ക് പുറമേ മേൽ ശീർഷകത്തിൽ 8.77344 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2216-80-101-99 – നിർമ്മിതി കേന്ദ്രങ്ങൾ**

നിർമ്മിതി കേന്ദ്രം മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

**2216-80-101-98-ലാറിബേക്കർ നിർമ്മിതി പരിശീലന ഗവേഷണ സ്ഥാപനം**

ലാറിബേക്കർ നിർമ്മിതി പരിശീലന ഗവേഷണ സ്ഥാപനത്തിന്റെ ഹൗസിംഗ് പാർക്ക് നിർമ്മാണം, ലാബിഷാസ് ക്യാംപസ് നിർമ്മാണം, റിസർച്ച് ആന്റ് ഡെവലപ്മെന്റ്, ഫിനിഷിംഗ് സ്കൂൾ, അവയർനെസ് ആന്റ് പബ്ലിക്കേഷൻ, ലോജിസ്റ്റിക് സെന്റർ ഫോർ പ്രോജക്ട് കൺസൾട്ടൻസി ആന്റ് ഗൈഡൻസ് എന്നീ പദ്ധതികളുടെ പൂർത്തീകരണത്തിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2216-80-103-99 – സംസ്ഥാന ഹൗസിംഗ് ബോർഡ്**

**(02) – വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് ഭവന നിർമ്മാണം**

പത്രപ്രവർത്തകർക്ക് ഭവന നിർമ്മാണത്തിന് സബ്സിഡി അനുവദിയ്ക്കുന്നതിനായുള്ള പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്ക് നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

**2216-80-103-99 –സംസ്ഥാന ഹൗസിംഗ് ബോർഡ്**

**(09) മൈത്രി ഭവന പദ്ധതി**

ഭവന നിർമ്മാണ ബോർഡിന്റെ തനത് പദ്ധതികൾ നടപ്പിലാക്കുവാനും നിലവിലെ ബോർഡിന്റെ കെട്ടിടങ്ങളിൽ അറ്റകുറ്റപണികൾ നടത്തുന്നതിനും ബോർഡിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 180.32 കോടി രൂപ കൂടി ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

**4216-01-106-98 – നിർമ്മാണം**

**(02)- ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർക്കുള്ള ക്വാർട്ടേഴ്സ്**

കരാറുകാർക്ക് കൊടുക്കുവാനുള്ള 1.85 കോടി രൂപ കൊടുത്തു തീർക്കുന്നതിനും പുതുതായി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള ചെലവുകൾക്കുമായി ബഡ്ജറ്റ് വിഹിതത്തിനുപുറമേ മേൽ ശീർഷകത്തിൽ 5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**4216-01-106-91 – സർക്കാർ ജീവനക്കാർക്കുള്ള വാടക ഭവന പദ്ധതി**

തിരുവനന്തപുരം, വയനാട് ജില്ലകളിൽ ഭവനനിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമികളിൽ സർക്കാർ ജീവനക്കാർക്ക് ചെലവ് കുറഞ്ഞതും സൗകര്യപ്രദവുമായ താമസം ഒരുക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ച് വാടകയ്ക്ക് നൽകുന്ന പദ്ധതിയിൽ പ്രവൃത്തികൾ പൂർത്തീകരിക്കാനായി ബഡ്ജറ്റിൽ തുക വകയിരുത്തിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 13 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**4216-80-190-95 – കേരള സംസ്ഥാന നിർമ്മിതി കേന്ദ്ര (കെ.ഇ.എസ്.എൻ.ഐ.കെ.)**

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനുകീഴിൽ സെറ്റിംഗ് അപ്പ് ഓഫ് ന്യൂ ടെസ്റ്റിംഗ് ലാബ് ആന്റ് പ്രൊഡക്ഷൻ യൂണിറ്റ്, മോഡണൈസേഷൻ ഓഫ് എക്സിസ്റ്റിംഗ് ടെസ്റ്റിംഗ് ലാബ് ആന്റ് പ്രൊഡക്ഷൻ യൂണിറ്റ്സ്, സെറ്റിംഗ് അപ്പ് ഓഫ് 3 ഡി പ്രൊഡക്ഷൻ യൂണിറ്റ്, ഡെവലപ്മെന്റ് ഓഫ് സെൽഫ് സസ്റ്റെനബിൾ ആന്റ് ഇന്റഗ്രേറ്റഡ് ഹൗസിംഗ് പ്രോജക്ട് എന്നീ

പദ്ധതികളുടെ പൂർത്തീകരണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമേ മേൽ ശീർഷകത്തിൽ 6.75 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപൂന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

**4216-80-201-97 – ആശ്വാസ് വാടക ഭവന പദ്ധതി**

കണ്ണൂർ, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്ന ആശ്വാസ് വാടക വീട് പദ്ധതിയുടെ തുടർനടത്തിപ്പിനായും കണ്ണൂർ മെഡിക്കൽ കോളേജ് പരിസരത്ത് നിർമ്മാണത്തിലിരിക്കുന്ന കെട്ടിടത്തിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമയതിനാൽ മേൽ ശീർഷകത്തിൽ 16 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപൂന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**4216-80-800-95 – ഇ.ഡബ്ല്യു.എസ്./എൽഐജി ഭവന പദ്ധതി**

**(01) – സാമ്പത്തികമായി ദുർബലരായ വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതി**

ചോറ്റാനിക്കര ഗ്രാമ പഞ്ചായത്തിൽ സാഫല്യം ഭവന പദ്ധതിയുടെ ഭാഗമായുള്ള 24 ഫ്ലാറ്റുകൾ നവീകരിക്കുന്നതിനും മുൻ സാമ്പത്തിക വർഷം ഭരണാനുമതി ലഭിച്ച ചേളന്നൂർ, പുതുക്കാട്, ലക്കിടി, പേരൂർ എന്നിവിടങ്ങളിലെ സാഫല്യം ഭവന പദ്ധതിയുടെ ശേഷിക്കുന്ന പ്രവൃത്തികൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 10 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപൂന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

## ധനാഭ്യർത്ഥന XXV

## പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

**2225-04-001-99 – നടത്തിപ്പ്**

**04 – യാത്രാ ചെലവുകൾ 1 – യാത്രാബത്ത**

സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്ന പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതികളുടെ സ്ഥലപരിശോധനയ്ക്കും മറ്റ് റിവ്യൂ മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിനായും ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടർക്കും മറ്റ് ഉദ്യോഗസ്ഥർക്കും നിരന്തര യാത്ര നടത്തേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ മേൽ ശീർഷകത്തിൽ 5 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

**2225-04-001-99 – നടത്തിപ്പ്**

**05 – ഓഫീസ് ചെലവുകൾ**

ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിലും മദ്രസ്സ ക്ഷേമനിധി ബോർഡിലും വെള്ളക്കരയിനത്തിലും ടെലിഫോൺ ചാർജിനത്തിലും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ വെള്ളക്കരയിനത്തിൽ 10,000 രൂപയും ടെലിഫോൺ ചെലവിനത്തിൽ 40,000 രൂപയും ചേർത്ത് ആകെ 50000 രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2225-04-102-92– ജസ്റ്റിസ് സച്ചാർ കമ്മിറ്റിയുടെ ശിപാർശകളിന്മേലുള്ള പദ്ധതികളുടെ നടപ്പാക്കൽ**

**34 – മറ്റു ചെലവുകൾ 3 – മറ്റിനം**

24 ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളുടേയും 22 ഉപകേന്ദ്രങ്ങളുടേയും നടത്തിപ്പ് ചെലവ്, ഫാക്കൽറ്റി ചെലവ്, കേന്ദ്രത്തിന്റെ മറ്റ് നടത്തിപ്പ് ചെലവുകൾ എന്നിവയ്ക്കായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2225-04-102-91 – <u>കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ</u>**

**31 – സഹായധനം – ശമ്പളം**

ന്യൂനപക്ഷ കമ്മീഷൻ അംഗങ്ങളുടെ ടെർമിനൽ സറണ്ടർ, ജീവനക്കാരുടെ ശമ്പളം, മുൻ കമ്മീഷൻ അംഗങ്ങളുടെ പെൻഷൻ, യാത്രാബത്ത, നിലവിലെ കമ്മീഷൻ ചെയർമാന്റെയും ജീവനക്കാരുടെയും ക്ഷാമബത്ത വർദ്ധനവ്, ജീവനക്കാരുടെ ശമ്പള പരിഷ്കരണം, വാർഷിക വർദ്ധനവ്, മുൻ അംഗത്തിന്റെ ടെർമിനൽ സറണ്ടർ കുടിശിക എന്നീ ഇനങ്ങളിലുള്ള ചെലവുകൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 60.56 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

യോഗം ഉച്ചയ്ക്കശേഷം 3.10-ന് പിരിഞ്ഞു.

**പതിനഞ്ചാം കേരള നിയമസഭ**

**സബ്ജക്ട് കമ്മിറ്റി IX**

**(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും)**

**20.02.2026-ലെ യോഗനടപടിക്കുറിപ്പ്**

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX, 2026 ഫെബ്രുവരി 20-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ യോഗം ചേർന്നു. സമിതി ചെയർപേഴ്സൺ ബഹു. തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് വീഡിയോ കോൺഫറൻസിലൂടെ അധ്യക്ഷത വഹിച്ച പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. എൻ. കെ. അക്ബർ
2. ശ്രീ. പി. ഉബൈദുള്ള (വീഡിയോ കോൺഫറൻസിങ് മുഖേന)

**നിയമസഭാ സെക്രട്ടേറിയറ്റ്:**

1. ശ്രീമതി വി. ആർ. രജനി, അഡീഷണൽ സെക്രട്ടറി
2. ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. ഹരീന്ദ്രൻ, അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ:**

1. ശ്രീ. മിൻഹാജ് ആലം, അഡീഷണൽ ചീഫ് സെക്രട്ടറി, ന്യൂനപക്ഷ ക്ഷേമ വകുപ്പ്
2. ശ്രീമതി അനുപമ ടി. വി., സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3. ശ്രീ. ജെറോമിക് ജോർജ്, പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

4. ശ്രീമതി അപൂർവ ത്രിപാഠി, ഡയറക്ടർ, തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പ്
5. ശ്രീ. ഷിജു ഷെറീഫ്, ഡയറക്ടർ, സൈനികക്ഷേമ വകുപ്പ്
6. ശ്രീ. മുഹമ്മദ് റിയാസ്, അഡീഷണൽ സെക്രട്ടറി, സൈനികക്ഷേമ വകുപ്പ്
7. ശ്രീ. എസ്. പ്രവീൺ, അഡീഷണൽ സെക്രട്ടറി, ഭവനനിർമ്മാണ വകുപ്പ്
8. ശ്രീ. പ്രാൺ ഐ. ബി., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്

സമിതി, 2026-27 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട്, സാധൂകരണത്തിനുള്ള എസ്.ആർ.ഒ.-കൾ, 2024-25-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് യഥാസമയം സഭയിൽ സമർപ്പിക്കാത്തത് സംബന്ധിച്ച കാലതാമസപത്രിക എന്നിവ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**I. <u>കരട് റിപ്പോർട്ട് പരിഗണന</u>**

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 2026-27 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

**II. <u>എസ്.ആർ.ഒ.കളുടെ പരിഗണന</u>**

**സമിതിയുടെ സാധൂകരണത്തിനായി ലഭ്യമാക്കിയ ചുവടെ ചേർക്കുന്ന എസ്.ആർ.ഒ.-കൾ, ചട്ടങ്ങൾ കരട് രൂപത്തിൽ സമിതി മുമ്പാകെ സമർപ്പിക്കുവാൻ കഴിയാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുന്ന കുറിപ്പുകൾ എന്നിവ പരിഗണിക്കുകയും എസ്.ആർ.ഒ.കൾക്ക് സാധൂകരണം നൽകുകയും ചെയ്തു.**

1. 2024-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ

(എസ്.ആർ.ഒ. നം. 743/2024)
(ഫയൽ നമ്പർ KLS/373/2026-Subc.D1) (20383/സബ്സി.ഡി1/2024/ലെജി.)
(സർക്കാർ കത്ത് നം. ആർ.ഡി.1/141/2020/ത.സ്വ.ഭ.വ. തീയതി 14-01-2026)

2. 2025-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ഭേദഗതി ചട്ടങ്ങൾ (എസ്.ആർ.ഒ. നം. 907/2025)
(ഫയൽ നമ്പർ KLS/7973/2025-Subc.D1)
(സർക്കാർ കത്ത് നം. ആർ.ഡി.1/65/2025-ത.സ്വ.ഭ.വ. തീയതി 17-09-2025)

3. 2025-ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ (എസ്.ആർ.ഒ. നം. 910/2025)
(ഫയൽ നമ്പർ KLS/8375/2025-Subc.D1)
(സർക്കാർ കത്ത് നം. ആർ.ഡി.1/7/2019/ത.സ്വ.ഭ.വ. തീയതി 17-09-2025)

4. 2025-ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ഭേദഗതി ചട്ടങ്ങൾ (എസ്.ആർ.ഒ. നം. 1098/2025)
(ഫയൽ നമ്പർ KLS/8383/2025-Subc.D1)
(സർക്കാർ കത്ത് നം. ആർ.ഡി.2/57/2022-ത.സ്വ.ഭ.വ. തീയതി 09-10-2025)

5. 2025-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ഭേദഗതി ചട്ടങ്ങൾ (എസ്.ആർ.ഒ. നം. 1153/2025)
(ഫയൽ നമ്പർ KLS/8941/2025-Subc.D1)
(സർക്കാർ കത്ത് നം. ആർ.ഡി.2/157/2024-ത.സ്വ.ഭ.വ. തീയതി 05-11-2025)

6. 2025-ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ (എസ്.ആർ.ഒ. നം. 739/2025)
(ഫയൽ നമ്പർ KLS/9093/2025-Subc.D1)
(സർക്കാർ കത്ത് നം. ആർ.ഡി.2/53/2023-ത.സ്വ.ഭ.വ. തീയതി 11-11-2025)

7. 2025-ലെ കേരള പഞ്ചായത്ത്‌രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ (എസ്.ആർ.ഒ. നം. 1344/2025)

(ഫയൽ നമ്പർ KLS/783/2026-Subc.D1)

(സർക്കാർ കത്ത് നം. ആർ.ഡി.1/170/2025-ത.സ്വ.ഭ.വ. തീയതി 02-02-2026)

8. 2025-ലെ കേരള മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ (എസ്.ആർ.ഒ. നം. 1345/2025)

(ഫയൽ നമ്പർ KLS/818/2026-Subc.D1)

(സർക്കാർ കത്ത് നം. ആർ.ഡി.2/183/2025-ത.സ്വ.ഭ.വ. തീയതി 10-02-2026)

III. **2024-25 വാർഷിക പ്രവർത്തന റിപ്പോർട്ട് യഥാസമയം സഭയിൽ സമർപ്പിക്കാത്തത് സംബന്ധിച്ച കാലതാമസപത്രികയുടെ പരിഗണന**

(ഫയൽ നമ്പർ KLS/458/2025-Subc. D1)

സൈനികക്ഷേമ (എ) വകുപ്പ് 2024-25 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഭജനത്തിന്റെ ചെലവിന്മേലുള്ള വാർഷിക പ്രവർത്തന റിപ്പോർട്ടിനോടൊപ്പം ലഭ്യമാക്കിയ കാലതാമസപത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(സർക്കാർ കത്ത് നം. SW3/103/2025-SWD തീയതി 08-10-2025)

യോഗം ഉച്ചയ്ക്കശേഷം 3.20-ന് പിരിഞ്ഞു.

* * * * *